VOL NO: 09
ISSUE 01
2025 JANUARY 04
₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com

**നവനാസ്തികർ; യുക്തിവാദ കുരിശുയുദ്ധക്കാർ**

# മതേതരത്വം മതരാഷ്ട്രവാദം ജനാധിപത്യം, ഇന്ത്യ

ഇന്ത്യയെ സംബന്ധിച്ചിടത്തോളം ജനാധിപത്യം ഒരു നിയമവ്യവസ്ഥയല്ല ഭരണസംവിധാനം മാത്രമാണ്. അതുകൊണ്ട് തന്നെയാണ് മതവിശ്വാസങ്ങൾക്ക് കൂടി അതിന്റെ വിശാല ക്യാൻവാസിൽ ഇടമൊരുങ്ങിയത്. ഒരുകാലത്ത് ഇന്ത്യൻ മതേതരത്വത്തെയോ ജനാധിപത്യത്തെയോ അംഗീകരിക്കാതിരുന്നവർ തിരുത്തുമായി വരുന്നത് ശുഭോദർക്കമാണ്. അതേസമയം മതനിരപേക്ഷ ജനാധിപത്യ രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ ചേരുന്നതിനെ കുറിച്ചുള്ള അവരുടെ മതവിധി കൂടി അറിയാൻ താൽപര്യമുണ്ട്.

**തഅ്സിയത്തിന്റെ വിധിയും രീതിയും**

**മുഹമ്മദ് നബി(സ്വ); അതുല്യ വ്യക്തിത്വം**

**അല്ലാഹുവിന്റെ പിന്തുണ ലഭിക്കാത്തവർ**




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

# 0415 നേർപഥം

വാരിക

2025 ജനുവരി 04
1446 റജബ് 04
പുസ്തകം 09 / ലക്കം 01






Managing Editor:
**Nasir Balusseri**

Editor:
**Usman Palakkazhi**

Chief Editor:
**Anil Primrose**

Cover:
**Anil**

Design & Layout:
**Musthafa Mannarottil**

Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**

Printed at :
**Sprint Offset Printers, Kozhikode**

Published at :
**Kozhikode - 673 002**


കവർ സ്റ്റോറി




സുഫ്‌യാൻ അബ്ദുസ്സലാം

ഇന്ത്യയെ സംബന്ധിച്ചിടത്തോളം ജനാധിപത്യം ഒരു നിയമ വ്യവസ്ഥയല്ല ഭരണസംവിധാനം മാത്രമാണ്. അതുകൊണ്ട് തന്നെയാണ് മതവിശ്വാസങ്ങൾക്ക് കൂടി അതിന്റെ വിശാല ക്യാൻവാസിൽ ഇടമൊരുങ്ങിയത്. ഒരുകാലത്ത് ഇന്ത്യൻ മതേതരത്വത്തെയോ ജനാധിപത്യത്തെയോ അംഗീകരിക്കാതിരുന്നവർ തിരുത്തുമായി വരുന്നത് ശുഭോദർക്കമാണ്. അതേസമയം മതനിരപേക്ഷ ജനാധിപത്യ രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ ചേരുന്നതിനെ കുറിച്ചുള്ള അവരുടെ മതവിധി കൂടി അറിയാൻ താൽപര്യമുണ്ട്.


**05** മുഖമൊഴി
ഇതോ സംസ്കാരത്തിന്റെ അടയാളം?

**06** നിരൂപണം
നവനാസ്തികർ; യുക്തിവാദ കുരിശുയുദ്ധക്കാർ
ആഷിഖ് ഷൗക്കത്ത് നിലമ്പൂർ

**08** ക്വുർആൻ പാഠം
അല്ലാഹുവിന്റെ പിന്തുണ ലഭിക്കാത്തവർ
സിയാദ് അൽഹികമി, വയനാട്

**16** ലേഖനം
അഭിമാനം അമൂല്യമാണ്
വി.വി. ബഷീർ വടകര

**18** നിരീക്ഷണം
മനസ്സ്, ചിന്ത, ഹൃദയം
ഡോ. ജൗസൽ

**22** പഠനം
മുഹമ്മദ് നബി(സ്വ); അതുല്യ വ്യക്തിത്വം
അബൂറാഷിദ അൽകാസിമി, കുടയത്തൂർ

**26** ലേഖനം
വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ; വഴിയും വെളിച്ചവും
പി.എൻ അബ്ദുല്ലത്വീഫ് മദനി

**29** കർമപഥം
തഅ്സിയത്തിന്റെ വിധിയും രീതിയും
വിവ. അബ്ദുൽ ജബ്ബാർ മദീനി

**31** ക്വുർആൻ ദർശനം -തഫ്‌സീറുസ്സഅ്ദി
സൂറതുൽ അഹ്സാബ്
അബ്ദുർറഹ്‌മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**34** ബാലപഥം
വിസ്മയലോകം
ശരീഫ് കാര



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly



# കിൽത്താൻ ദ്വീപിൽ 'മസ്ജിദുർറഹ്മ' ഉദ്ഘാടനം ചെയ്യപ്പെട്ടു

ലക്ഷദ്വീപിലെ ചെറിയ പൊന്നാനി എന്നറിയപ്പെടുന്ന കിൽത്താൻ ദ്വീപിൽ അല്ലാഹുവിന് മാത്രം സുജൂദ് ചെയ്യാനായി ഒരു ഭവനം ഉദ്ഘാടനം ചെയ്യപ്പെട്ടു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനിയാണ് ഉദ്ഘാടന കർമം നിർവഹിച്ചത്. ഉദ്ഘാടനത്തോടനുബന്ധിച്ച് മൂന്നുദിവസം നീണ്ടുനിന്ന ദ്വീപുതല മുജാഹിദ് സമ്മേളനവും നടന്നു.

പതിറ്റാണ്ടുകൾക്ക് മുമ്പുതന്നെ സലഫി ആദർശത്തെയും മുജാഹിദ് പ്രസ്ഥാനത്തെയും നെഞ്ചേറ്റിയ ദ്വീപ് നിവാസികൾക്ക് പുതിയ പള്ളിയും അനുബന്ധ പ്രോഗ്രാമും ഹൃദ്യമായി.

ആത്മീയ ചൂഷണങ്ങളിൽനിന്നും അന്ധവിശ്വാസ-അനാചാരങ്ങളിൽനിന്നും ഇസ്‌ലാമിന്റെ തനതായ ആദർശത്തിലേക്ക് ക്ഷണിക്കുന്നത് ദ്വീപിലെ പൗരോഹിത്യത്തിന് സഹിക്കാവുന്നതായിരുന്നില്ല. മൂന്ന് ദിവസങ്ങളിലായി നടന്ന മുജാഹിദ് സമ്മേളനവുമായി സഹകരിക്കുന്നത് വിലക്കിക്കൊണ്ട് അവർ പ്രസ്താവനയിറക്കിയെങ്കിലും അത് ഒട്ടും വിലപ്പോയില്ല. കിൽത്താനിലെ നല്ലവരായ ജനങ്ങൾ സമ്മേളനത്തെ ഹൃദയപൂർവം സ്വീകരിക്കുകയും ആദർശ പ്രഭാഷണങ്ങൾക്ക് ആവേശത്തോടെ കാതോർക്കുകയും ചെയ്തു. വിവിധ ദ്വീപുകളിൽ നിന്ന് സമ്മേളനത്തിന് വേണ്ടിയെത്തിയ മുജാഹിദ് പ്രവർത്തകരും കൂടെ ചേർന്നപ്പോൾ സമ്മേളനം അതിമനോഹരമായി.

പൊതുവേദിയിലും പള്ളിയിൽ ഒരുക്കിയ പ്രത്യേക വേദിയിലുമായി നടന്ന വ്യത്യസ്ത സെഷനുകളാൽ വൈവിധ്യം നിറഞ്ഞതായിരുന്നു സമ്മേളന പരിപാടികൾ. ദ്വീപ് സമൂഹത്തിലേക്ക് അനധികൃതമായി എത്തുന്ന ലഹരിയാലുള്ള പ്രശ്നങ്ങൾ, ലിബറലിസത്തിന്റെ കെണികൾ, സംതൃപ്ത കുടുംബത്തിനുള്ള മാർഗങ്ങൾ, യഥാർഥ പ്രവാചക സ്നേഹം, അഹ്‌ലുസ്സുന്നയുടെ പ്രമാണബദ്ധമായ ആദർശം എന്നിങ്ങനെ വ്യത്യസ്ത വിഷയങ്ങൾ പൊതുവേദിയിൽ ചർച്ച ചെയ്യപ്പെട്ടു. വ്യത്യസ്ത ദ്വീപുകളിലെ ഭാരവാഹികൾക്കുള്ള തർബിയ സംഗമം, വനിത സംഗമം, ആദർശസംഗമം എന്നിങ്ങനെയുള്ള സെഷനുകളും മറ്റു വേദികളിൽ നടന്നു.

പ്രമുഖ പണ്ഡിതരും പ്രഭാഷകരുമായ ഹുസൈൻ സലഫി ഷാർജ, ശിഹാബ് എടക്കര, ശാഫി സ്വബാഹി, സുബൈർ സലഫി പട്ടാമ്പി, സ്വഫ്‌വാൻ ബറാമി അൽഹികമി, അബ്ദുറഹ്മാൻ മണ്ണാർക്കാട് എന്നിവർ കേരളത്തിൽനിന്നും അതിഥികളായി പങ്കെടുത്തു സംസാരിച്ചു.

ലക്ഷദ്വീപ് റിലീഫ് ഫോറം പ്രസിഡന്റ് എ.പി ശറഫുദ്ദീൻ കവരത്തി, ജനറൽ സെക്രട്ടറി എൻ. കുഞ്ഞിക്കോയ കടമത്ത്, ഭാരവാഹികളായ ഫഹദ് ബിൻ അബ്ദുല്ല അഗത്തി, മുഹമ്മദ് ഇഖ്ബാൽ അമിനി, നസീർ അഗത്തി, മൂസ കടമത്ത് എന്നിവർ വ്യത്യസ്ത സെഷനുകൾക്ക് നേതൃത്വം നൽകി.

# അതിഥി തൊഴിലാളി സംഗമം നടത്തി

കൊല്ലം: വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ കൊല്ലം ജില്ല സമിതിയുടെ ആഭിമുഖ്യത്തിൽ അതിഥി തൊഴിലാളി സംഗമം സംഘടിപ്പിച്ചു. അതിഥി തൊഴിലാളികൾക്കിടയിൽ വർധിച്ചുവരുന്ന മദ്യാസക്തി, മറ്റു ലഹരിവസ്തുക്കളുടെ ഉപ യോഗം എന്നിവയുടെ അപകടങ്ങളെക്കുറിച്ചും; ശുചിത്വം, സാമൂഹിക ഇടപെടൽ തുടങ്ങി വിവിധ വിഷയങ്ങളിലും ബോധവൽക്കരണം നടത്തി.

ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുമായി നൂറുകണക്കിന് അതിഥി തൊഴിലാളികൾ പങ്കെടുത്ത സമ്മേളനം ജാമിഅ അൽഹിന്ദ് അൽഇസ്‌ലാമിയ്യ സ്കൂൾ ഓഫ് ഖുർആൻ ഹിഫ്ദ് വിഭാഗം മേധാവി ഹാഫിസ് മുഹമ്മദ് തഖിയുദ്ദീൻ ഉദ്ഘാടനം ചെയ്തു. വിസ്ഡം യൂത്ത് ജില്ലാ ട്രഷറർ സുധീർ സ്വലാഹി ആധ്യക്ഷ്യം വഹിച്ചു. ഉമയനല്ലൂർസലഫി മസ്ജിദ് ഇമാം മുർജ, സത്താർ പത്തനാപുരം, അബ്ദുസ്സമദ് ചെമ്മാട്, അബ്ദുൽ കലാം ഉമയനല്ലൂർ, സുനിൽ യൂസുഫ്, സഊദുൽ ഇസ്‌ലാം എന്നിവർ സംസാരിച്ചു.

# ഇതോ സംസ്കാരത്തിന്റെ അടയാളം?

സാംസ്കാരിക കേരളം കൊലപാതകങ്ങൾക്ക് പഞ്ഞമില്ലാത്ത നാടായി മാറിക്കഴിഞ്ഞിരിക്കുന്നു! എത്രയെത്ര അരുംകൊലകളാണ് നമ്മുടെ നാട്ടിൽ ദിനേന നടന്നുകൊണ്ടിരിക്കുന്നത്! നമ്മൾ അതിന്റെയൊക്കെ പൊടിപ്പും തൊങ്ങലും വെച്ച വാർത്തകൾ കേൾക്കും, വായിക്കും; അയ്യോ പാവം എന്നു പറയും. നാളെ അതിനെക്കാൾ ക്രൂരമായ പീഡനത്തിന്റെയും കൊലയുടെയും വാർത്ത നമ്മെ തേടിയെത്തും. അതോടെ ഇന്നു വന്ന വാർത്തയെ നാളെ എല്ലാവരും മറക്കും.

അമ്മയെന്നോ പെങ്ങളെന്നോ വൃദ്ധരെന്നോ പിഞ്ചുകുഞ്ഞുങ്ങളെന്നോ വ്യത്യാസമില്ലാതെ പീഡിപ്പിച്ച് കൊലപ്പെടുത്തുക, കവർച്ചക്ക് ശേഷം ദൃക്സാക്ഷിയെ കൊലപ്പെടുത്തുക, കാമുകന്റെ/കാമുകിയുടെ കൂടെ ജീവിക്കാൻ ഭാര്യയെ/ഭർത്താവിനെ കൊല്ലുക, അവിഹിതം കണ്ടതിന് സ്വന്തം മക്കളെ/ മാതാപിതാക്കളെ കൊല്ലുക എന്നിങ്ങനെ സ്വാർഥ താൽപര്യത്തിന് വേണ്ടിയുള്ള കൊലപാതകങ്ങളാണ് അടുത്തകാലത്തായി ഏറ്റവും കൂടുതൽ നടക്കുന്നത്.

കൊലപാതകം ഒരു പ്രവണതയാണ്. കൊലനടത്തുന്നവൻ താനൊരു ജീവനെയാണ് ഇല്ലാതാക്കുന്നത് എന്ന് ചിന്തിക്കുന്നില്ല. ജാതി, മതം, വർഗം, വർണം, ദേശം, ഭാഷ, രാഷ്ട്രീയം, സമ്പത്ത് തുടങ്ങി വിവിധ കാര്യങ്ങളുടെ പേരിൽ ലോകത്ത് കൊലപാതകങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു.

സമൂഹം കൊലപാതകികൾക്ക് ആദരവ് കൊടുക്കുന്നു എന്ന വേദനാജനകമായ കാഴ്ചയും നമ്മുടെ രാജ്യത്ത് കണ്ടുതുടങ്ങിയിട്ടുണ്ട്. പത്തു വയസ്സ് പോലും തികയാത്ത പിഞ്ചു കുഞ്ഞിനെ ക്ഷേത്രത്തിൽ തടവിൽ പാർപ്പിച്ച് ദിവസങ്ങളോളം കൂട്ടാളികളുമായി ചേർന്ന് മയക്ക് മരുന്ന് നൽകി അതിക്രൂരമായി പീഡിപ്പിച്ച് കൊന്ന പ്രതിക്ക് വേണ്ടി 'ജനാധിപത്യത്തിലൂടെ ജനങ്ങൾ തിരഞ്ഞെടുത്ത ജനപ്രതിനിധി'യാണ് കൊടിപിടിച്ചിറങ്ങിയത്. ഓടിക്കൊണ്ടിരിക്കുന്ന ട്രെയിനിൽ നിന്നും യുവതിയെ തള്ളിത്താഴെയിട്ട് ബലാത്സംഗം ചെയ്ത് തലയ്ക്കടിച്ച് കൊലപ്പെടുത്തിയ വികലാംഗനും ഭിക്ഷാടകനുമായ കൊലയാളിക്കുവേണ്ടി, ലക്ഷങ്ങൾ പ്രതിഫലം വാങ്ങുന്ന പ്രമുഖനായ അഭിഭാഷകൻ വാദിച്ച ചരിത്രവും നാം കണ്ടതാണ്. ആൾക്കൂട്ട കൊലപാതകങ്ങളും പുതുമയുള്ള വാർത്തയല്ലാതായിരിക്കുന്നു നമുക്ക്.

മൂന്നു മരണങ്ങൾ; അതിൽ രണ്ടെണ്ണം കൊലപാതകം, ഒന്ന് ആത്മഹത്യയും. മാധ്യമങ്ങൾ സ്പൈഡർ മരണങ്ങൾ എന്നു വിശേഷിപ്പിച്ച ഈ മരണങ്ങൾ തിരുവനന്തപുരം വർക്കലയയെ ഞെട്ടിപ്പിച്ചിരിക്കുകയാണ്. പ്രസ്തുത മരണങ്ങളുടെ ചുരുളഴിക്കുവാനുള്ള ശ്രമത്തിലാണ് പൊലീസ്. വർക്കലയിലെ പൊതുമരാമത്ത് വകുപ്പ് ജീവനക്കാരൻ അജികുമാറിനെ കൊലപ്പെടുത്തിയ സംഭവമാണ് ട്വിസ്റ്റുകളിൽ നിന്നും ട്വിസ്റ്റുകളിലേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. പൊലീസ് മുഖ്യപ്രതി എന്നുകരുതുന്നവരിൽ ഒരാളുടെ ആത്മഹത്യയോടെ മറ്റൊരാൾ പൊലീസിന് കീഴടങ്ങിയതായാണ് വാർത്ത. മദ്യപാനികളും മയക്കുമരുന്നുകൾക്ക് അടിമകളായവരും നടത്തുന്ന കൊലപാതങ്ങളുടെ എണ്ണം സാക്ഷര കേരളത്തിൽ വർധിച്ചുകൊണ്ടേയിരിക്കുകയാണ്.

സാംസ്കാരികമായി ഉയർന്നവർ, വിദ്യാസമ്പന്നർ, ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ ഉന്നതികൾ കീഴടക്കിക്കൊണ്ടിരിക്കുന്നവർ... ഇങ്ങനെയൊക്കെ വിശേഷിപ്പിക്കപ്പെടുന്നവരും അതിന്റെ പേരിൽ സ്വയം അഭിമാനിക്കുന്നവരുമായവർക്കിടയിൽ കുറ്റകൃത്യങ്ങളുടെ ഗ്രാഫ് കുത്തനെ ഉയരുന്നുവെന്നത് ആശങ്കാജനകമാണ്. കുറ്റവാളികൾക്ക് മതിയായ ശിക്ഷ ലഭിക്കാത്തതും രക്ഷപ്പെടാൻ ഏറെ പഴുതുകളുള്ളതും കുറ്റകൃത്യങ്ങൾ വർധിക്കുവാൻ വലിയ കാരണമാണ്. ■

ആഷിഖ് ഷൗക്കത്ത് നിലമ്പൂർ
: 96332 10059



# നവനാസ്തികർ; യുക്തിവാദ കുരിശുയുദ്ധക്കാർ

2001 സെപ്റ്റംബർ 11ന് ശേഷം ഒരു പുതിയതരം നിരീശ്വരവാദം ഉയർന്നുവന്നു. നവനാസ്തികത എന്നറിയപ്പെടുന്ന ഈ പ്രസ്ഥാനം മതത്തെ, പ്രത്യേകിച്ച് ഇസ്‌ലാമിനെ നേരിടാനും വിമർശിക്കാനും സജീവമായി ശ്രമിക്കുന്ന മതേതര ചിന്തയുടെ ഒരു തീവ്രവാദ രൂപത്തെ പ്രതിനിധീകരിക്കുന്നു. ദൈവിക അസ്തിത്വത്തെ നിഷേധിക്കുന്ന പരമ്പരാഗത നിരീശ്വരവാദത്തിൽനിന്ന് വ്യത്യസ്തമായി, നവനാസ്തികത സമൂഹത്തിൽനിന്ന് മതവിശ്വാസത്തെ ഉന്മൂലനം ചെയ്യാൻ തീരുമാനിച്ച ഒരു കുരിശുയുദ്ധ പ്രത്യയശാസ്ത്രമായാണ് നിലകൊള്ളുന്നത്.

നിരീശ്വരവാദവും നവനാസ്തികതയും തമ്മിലുള്ള വേർതിരിവ് സമകാലീന മതേതര പ്രസ്ഥാനങ്ങളെ മനസ്സിലാക്കുന്നതിൽ നിർണായകമാണ്. പരമ്പരാഗത നിരീശ്വരവാദം മതം സമൂഹത്തിന് പ്രയോജനകരമാണോ ഹാനികരമാണോ എന്നതിനെക്കുറിച്ചുള്ള വിധിയില്ലാതെ, ദൈവനിഷേധത്തെ അടിസ്ഥാനപരമായ നിലപാടായി സ്വീകരിക്കുന്നതാണ്. എന്നാൽ നവനാസ്തികത, ആഗോള സംഘർഷങ്ങളുടെയും സാമൂഹിക തിന്മകളുടെയും പ്രാഥമിക സ്രോതസ്സായി മതത്തെ വീക്ഷിക്കുന്ന, തീർത്തും മതവിരുദ്ധമായ ഒരു നിലപാട് സ്വീകരിക്കുന്നു. കേവലമായ അവിശ്വാസത്തിൽ നിന്ന് സജീവമായ എതിർപ്പിലേക്കുള്ള ഈ പരിവർത്തനം നിരീശ്വരവാദത്തിൽനിന്ന് ദൈവവിരുദ്ധതയിലേക്കുള്ള മാറ്റത്തെ അടയാളപ്പെടുത്തുന്നു.

> വാസ്തവത്തിൽ, ലോകത്തിന്റെ പ്രശ്നങ്ങൾ സങ്കീർണമായ സ്രോതസ്സുകളിൽനിന്നാണ് ഉത്ഭവിക്കുന്നത്. മിഡിൽ ഈസ്റ്റിന്റെ വെല്ലുവിളികൾ പ്രധാനമായും ഇസ്‌ലാമിൽ നിന്നല്ല; പാശ്ചാത്യ താൽപര്യങ്ങൾ പിന്തുണയ്ക്കുന്ന സ്വേച്ഛാധിപത്യ ഭരണകൂടങ്ങളിൽനിന്നാണ്. പാശ്ചാത്യരുടെ പ്രശ്നങ്ങൾ ക്രിസ്തുമതത്തിൽനിന്നല്ല; അനിയന്ത്രിതമായ മുതലാളിത്തം, പാരിസ്ഥിതിക തകർച്ച, വ്യവസ്ഥാപരമായ അസമത്വം, വംശീയത എന്നിവയിൽ നിന്നാണ്. അതുപോലെ, ഇസ്രായേലിന്റെ സംഘർഷങ്ങൾ യഹൂദ മതത്തിൽ നിന്നല്ല, മറിച്ച് സിയോണിസ്റ്റ് കുടിയേറ്റക്കാരൻ, കൊളോണിയലിസം, വംശഹത്യ, അധിനിവേശം പോലെയുള്ള രാഷ്ട്രീയ നയങ്ങളിൽനിന്നാണ്.

നവനാസ്തികവാദത്തെ വേറിട്ടുനിർത്തുന്ന മറ്റൊരു പ്രധാന ഘടകം ഇസ്‌ലാമിനോടുള്ള അതിന്റെ സവിശേഷമായ എതിർപ്പാണ്. അത് എല്ലാ മതങ്ങളെക്കുറിച്ചും പൊതുവായ വിമർശനം നിലനിർത്തുമ്പോഴും ഇസ്‌ലാമിനെ തിന്മകളുടെ മാതാവായി കാണുന്നു. മുസ്‌ലിം വിരുദ്ധ വികാരം പാശ്ചാത്യ സമൂഹങ്ങളിൽ സ്വാധീനം ചെലുത്തിയ 9/11ന് ശേഷമുള്ള രാഷ്ട്രീയ കാലാവസ്ഥയിൽ ഈ പ്രത്യേകമായ 'ശ്രദ്ധ' കാണാൻ സാധിക്കും. അവിടെ ഭീകരതയ്ക്കെതിരായ യുദ്ധത്തിന്റെയും പാശ്ചാത്യ രാജ്യങ്ങളിൽ വർധിച്ചുവരുന്ന ഇസ്‌ലാമോഫോബിയയുടെയും പശ്ചാത്തലമില്ലാതെ നവനാസ്തികവാദത്തിന്റെ വാണിജ്യപരവും ബൗദ്ധികവുമായ വിജയം അസാധ്യമായിരിക്കുമെന്ന് ലൂക്ക് സാവേജ് തന്റെ 'ന്യൂ ഏയ്തിസം, ഓൾഡ് എമ്പയർ' (New Atheism, Old Empire) എന്ന ലേഖനത്തിൽ നിരീക്ഷിക്കുന്നത് ശ്രദ്ധേയമാണ്.

പാശ്ചാത്യ സാമ്രാജ്യത്വ ആധിപത്യത്തിന് നവനാസ്തികവാദം എങ്ങനെ ബൗദ്ധികമായ ആവരണം നൽകി എന്നതാണ് ഒരുപക്ഷേ, ഏറ്റവും പ്രധാനപ്പെട്ട നവാനാസ്തിക വിമർശനം. ക്രിസ്റ്റഫർ ഹിച്ചൻസ്, റിച്ചാർഡ് ഡോക്കിൻസ്, സാം ഹാരിസ് എന്നിവരുൾപ്പെടെയുള്ള, പ്രസ്ഥാനത്തിന്റെ മുൻനിര വ്യക്തികൾ വിവിധ സമയങ്ങളിൽ ആക്രമണാത്മക സൈനിക ഇടപെടലുകൾ, പൗരാവകാശങ്ങൾ ധ്വംസനങ്ങൾ, അറബ് രാഷ്ട്രങ്ങൾക്കെതിരായ അധിനിവേശങ്ങൾ, ആണവ ആക്രമണങ്ങൾ എന്നിവയെ പല അവസരങ്ങളിലും അംഗീകരിച്ചിട്ടുണ്ട്.

കൊളോണിയൽ ചിന്തയുടെ 'രക്ഷകൻ' എന്ന സ്വഭാവമാണ് നവനാസ്തിക പ്രസ്ഥാനത്തിൽ അന്തർലീനമായ മനഃശാസ്ത്രം. നവനാസ്തികവാദികൾ പലപ്പോഴും കിഴക്കൻ സമൂഹങ്ങളെ അവരുടെ മതപരമായ 'അന്ധകാരത്തിൽ' നിന്ന് രക്ഷിക്കാൻ ചുമതലപ്പെടുത്തിയ പ്രബുദ്ധരായ പാശ്ചാത്യ വിമോചകരായി സ്വയം സ്ഥാപിക്കുന്നു. ഈ ചിന്താഗതി നവാനാസ്തികവാദികളും മതതീവ്രവാദികളും തമ്മിൽ ഒരു സഹജീവി ബന്ധം സൃഷ്ടിക്കുന്നു. ഓരോരുത്തർക്കും അവരുടെ ലോകവീക്ഷണത്തെ ന്യായീകരിക്കാൻ മറ്റുള്ളവരുടെ അസ്തിത്വം ആവശ്യമാണ്.

മതത്തോടുള്ള റിഡക്ഷനിസ്റ്റ് സമീപനവും ഭരണകൂട അക്രമത്തോടുള്ള അന്ധതയുമാണ് നവനാസ്തിക ചിന്തകരുടെ മുഖമുദ്ര. സങ്കീർണമായ ആഗോള പ്രശ്നങ്ങളുടെ ഉത്തരവാദിത്തം മതവിശ്വാസത്തിന് മേൽ മാത്രമായി ആരോപിക്കുന്നതിലൂടെ യഥാർഥ രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക ഘടകങ്ങളെ അവർ അവഗണിക്കുന്നു. ഭരണകൂട അക്രമത്തോടുള്ള പ്രതികരണമായാണ് ഭരണകൂടേതര അക്രമം പലപ്പോഴും ഉയർന്നുവരുന്നതെന്ന് തിരിച്ചറിയുന്നതിൽ പ്രസ്ഥാനം പരാജയപ്പെടുന്നു. കൂടാതെ പാശ്ചാത്യ, പാശ്ചാത്യേതര അക്രമ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ അത് ഇരട്ടത്താപ്പ് പ്രയോഗിക്കുന്നു. നന്മകളെയും അങ്ങനെ തന്നെ വീക്ഷിക്കുകയാണ് പതിവ്. മതവിശ്വാസികൾ നന്മ ചെയ്യുന്നത് 'മാനവിക മൂല്യം' കൊണ്ടും ആക്രമണ സ്വഭാവം കാണിക്കുന്നത് മതം കൊണ്ടുമാണെന്ന വാദം ഉന്നയിക്കുന്നത് പല തവണ നാം കണ്ടതാണ്.

വാസ്തവത്തിൽ, ലോകത്തിന്റെ പ്രശ്നങ്ങൾ സങ്കീർണമായ സ്രോതസ്സുകളിൽനിന്നാണ് ഉത്ഭവിക്കുന്നത്. മിഡിൽ ഈസ്റ്റിന്റെ വെല്ലുവിളികൾ പ്രധാനമായും ഇസ്‌ലാമിൽ നിന്നല്ല; പാശ്ചാത്യ താൽപര്യങ്ങൾ പിന്തുണയ്ക്കുന്ന സ്വേച്ഛാധിപത്യ ഭരണകൂടങ്ങളിൽനിന്നാണ്. പാശ്ചാത്യരുടെ പ്രശ്നങ്ങൾ ക്രിസ്തുമതത്തിൽ നിന്നല്ല; അനിയന്ത്രിതമായ മുതലാളിത്തം, പാരിസ്ഥിതിക തകർച്ച, വ്യവസ്ഥാപരമായ അസമത്വം, വംശീയത എന്നിവയിൽ നിന്നാണ്. അതുപോലെ, ഇസ്രായേലിന്റെ സംഘർഷങ്ങൾ യഹൂദ മതത്തിൽ നിന്നല്ല, മറിച്ച് സിയോണിസ്റ്റ് കുടിയേറ്റക്കാരൻ, കൊളോണിയലിസം, വംശഹത്യ, അധിനിവേശം പോലെയുള്ള രാഷ്ട്രീയ നയങ്ങളിൽനിന്നാണ്. സിയോണിസ്റ്റുകൾ നല്ലൊരു ശതമാനം നിരീശ്വരവാദികളായിരുന്നുവെന്ന ചരിത്രം ശ്രദ്ധേയമാണ്. എല്ലാ തിന്മകളുടെയും അടിസ്ഥാനമായി മതത്തെ ഉറപ്പിക്കുന്നതിലൂടെ നവനാസ്തികത, ആഗോള വെല്ലുവിളികളുടെ യഥാർഥ സങ്കീർണതയുമായി ഇടപഴകുന്നതിൽ പരാജയപ്പെടുന്ന ഒരു പ്രത്യയശാസ്ത്രമായി സ്വയം വെളിപ്പെടുത്തുന്നു. ■



സിയാദ് അൽഹികമി
വയനാട്
: 87142 53150

# അല്ലാഹുവിന്റെ പിന്തുണ ലഭിക്കാത്തവർ

وَلَوْ أَرَادُوا۟ ٱلْخُرُوجَ لَأَعَدُّوا۟ لَهُۥ عُدَّةً وَلَٰكِن كَرِهَ ٱللَّهُ ٱنۢبِعَاثَهُمْ فَثَبَّطَهُمْ وَقِيلَ ٱقْعُدُوا۟ مَعَ ٱلْقَٰعِدِينَ

لَوْ خَرَجُوا۟ فِيكُم مَّا زَادُوكُمْ إِلَّا خَبَالًا وَلَأَوْضَعُوا۟ خِلَٰلَكُمْ يَبْغُونَكُمُ ٱلْفِتْنَةَ وَفِيكُمْ سَمَّٰعُونَ لَهُمْ وَٱللَّهُ عَلِيمٌۢ بِٱلظَّٰلِمِينَ

"അവർ പുറപ്പെടാൻ ഉദ്ദേശിച്ചിരുന്നെങ്കിൽ അതിനുവേണ്ടി ഒരുക്കേണ്ടതെല്ലാം അവർ ഒരുക്കുമായിരു ന്നു. പക്ഷേ, അവരുടെ പുറപ്പാട് അല്ലാഹു ഇഷ്ടപ്പെടാതിരുന്നതുകൊണ്ട് അവരെ അവൻ പിന്തിരിപ്പിച്ചു നിർത്തിയിരിക്കുകയാണ്. മുടങ്ങിയിരിക്കുന്നവരോടൊപ്പം നിങ്ങളും ഇരുന്നുകൊള്ളുക എന്ന് അവരോട് പറയപ്പെടുകയും ചെയ്തിരിക്കുന്നു. നിങ്ങളുടെ കൂട്ടത്തിൽ അവർ പുറപ്പെട്ടിരുന്നെങ്കിൽ നാശമല്ലാതെ മറ്റൊന്നും അവർ നിങ്ങൾക്ക് കൂടുതൽ നേടിത്തരുമായിരുന്നില്ല. നിങ്ങൾക്ക് കുഴപ്പം വരുത്താൻ ആഗ്രഹിച്ചു കൊണ്ട് നിങ്ങളുടെ ഇടയിലൂടെ അവർ പരക്കം പായുകയും ചെയ്യുമായിരുന്നു. നിങ്ങളുടെ കൂട്ടത്തിൽ അവർ പറയുന്നത് ചെവികൊടുത്ത് കേൾക്കുന്ന ചിലരുണ്ട് താനും. അല്ലാഹു അക്രമികളെപ്പറ്റി നന്നായി അറിയുന്നവനാണ്" (ക്വുർആൻ 9:46,47).

തബൂക്ക് യുദ്ധവേളയിലെ കപടവിശ്വാസികളെയാണ് ഈ ആയത്തിലൂടെ അല്ലാഹു പരാമർശിക്കുന്നത്. യുദ്ധാവസരത്തിൽ യുദ്ധത്തിനു പോകാതെ പിന്തിനിൽക്കുന്ന ആളുകളുടെ മനോഗതിയും അവർക്ക് എന്തുകൊണ്ട് അതിനുള്ള അനുഗ്രഹം ലഭിച്ചില്ല എന്നും ഈ സൂക്തം വ്യക്തമാക്കുന്നു. ഇതിനു കാരണമായ പ്രകൃതവും സ്വഭാവവും മനോഗതിയും നമ്മിൽ ഉണ്ടാകാതിരിക്കാനാണ് നാം ശ്രദ്ധിക്കേണ്ടത്.

നന്മയിലേക്ക് മുന്നേറാനുള്ള ആഗ്രഹം പോരാ, അതിനുവേണ്ടി നന്നായി പരിശ്രമിക്കുകയും വേണം. അപ്പോഴാണ് അല്ലാഹുവിന്റെ സഹായം ലഭിക്കുക. അല്ലാഹു പറയുന്നു: "...എന്നാൽ നിങ്ങൾ ചെയ്യേണ്ടത് സൽപ്രവർത്തനങ്ങൾക്കായി മുന്നോട്ടുവരികയാണ്..." (2:148).

"സൽപ്രവർത്തനങ്ങൾ ചെയ്യുക എന്നല്ല അല്ലാഹു പറഞ്ഞത്, മറിച്ച് സൽപ്രവർത്തനങ്ങൾക്കായി നിങ്ങൾ മുന്നോട്ടു വരിക അഥവാ ധൃതിപ്പെടുക എന്നാണ്. രണ്ടു പ്രയോഗങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. മുന്നോട്ടുവരിക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ചെയ്യാൻ ആദ്യം തന്നെ ധൃതിപ്പെടുകയും പരിപൂർണ രൂപത്തിൽ ചെയ്തു തീർക്കുകയും ചെയ്യുക എന്നാണ്" (തഫ്സീറുസ്സഅ്ദി).

നല്ല കാര്യങ്ങൾ ചെയ്യാൻ ആഗ്രഹമുണ്ടെങ്കിലും സമയക്കുറവും കുടുംബ പ്രശ്നങ്ങളും മറ്റു പല കാരണങ്ങളുമാണ് പലർക്കും പലപ്പോഴും തടസ്സമാകാറുള്ളത്. സൽകർമങ്ങൾ ചെയ്യാൻ ആഗ്രഹമുണ്ടെങ്കിൽ ആദ്യം അത് നിർവഹിച്ചു തീർക്കുവാനാണ് അല്ലാഹു പറയുന്നത്. അതിന് നമ്മൾ തയ്യാറായാൽ മറ്റു പ്രശ്നങ്ങൾ അല്ലാഹു പരിഹരിച്ചു തരും.

"നമ്മുടെ മാർഗത്തിൽ സമ

രത്തിൽ ഏർപ്പെട്ടവരാരോ, അവരെ നമ്മുടെ വഴികളിലേക്ക് നാം നയിക്കുക തന്നെ ചെയ്യുന്നതാണ്. തീർച്ചയായും അല്ലാഹു സദ്‌വൃത്തരോടൊപ്പമാകുന്നു" (29:69).

ദേഹേച്ഛകളോടും തിന്മകളോടുമെല്ലാം സമരം ചെയ്യുന്നവർക്കും അല്ലാഹു പുണ്യത്തിലേക്കും സ്വർഗത്തിലേക്കുള്ള വഴി എളുപ്പമാക്കും എന്നാണ് ഈ ആയത്തിന്റെ വിശദീകരണത്തിൽ മുഫസ്സിറുകൾ പറയുന്നത്.

മടിച്ചു നിൽക്കാതെയും പിന്നീടു ചെയ്യാമെന്ന് കരുതി നീട്ടിവെക്കാതെയും സൽകർമങ്ങൾ ചെയ്യുന്ന വർക്ക് അല്ലാഹുവിന്റെ തൗഫീക് ലഭിക്കും. അല്ലാത്തവർ അതിൽനിന്ന് അകറ്റപ്പെടും. അവർ മറ്റുള്ളവരുടെ ആവേശത്തെ തന്നെ ഇല്ലാതാക്കും. നെഗറ്റീവ് കമന്റുകളാലും ദോഷമായ അനന്തരഫലങ്ങളെ കുറിച്ച് ചർച്ച ചെയ്തും അമിതമായി ആശങ്ക പ്രകടിപ്പിച്ചും അവർ മറ്റുള്ളവരെ പിന്തിരിപ്പിക്കാൻ ശ്രമിക്കും.

ഇത് നമ്മളൊക്കെയും ശ്രദ്ധിക്കേണ്ട കാര്യമാണ്. ഒരു മീറ്റിങ്ങിൽ വെച്ച് നല്ലൊരു കാര്യം ചെയ്യാൻ തീരുമാനമെടുക്കുമ്പോൾ നെഗറ്റീവു വശങ്ങൾ മാത്രം പറഞ്ഞ് അതിനെ പരാജയപ്പെടുത്താൻ ശ്രമിക്കുന്ന ചിലരെ കാണാം. അവർക്ക് അത് ചെയ്യാൻ താൽപര്യമുണ്ടാകില്ല. അതുകൊണ്ട് ആ ഉദ്യമം തന്നെ നടക്കാതിരിക്കാൻ അവർ പണിയെടുക്കും. ഇത്തരം പ്രവണതകളും പെരുമാറ്റങ്ങളും നമ്മിൽനിന്നും ഉണ്ടായിക്കൂടാ. അതോടൊപ്പം എപ്പോഴും നന്മകളിൽ മുന്നേറുവാനുള്ള തൗഫീക് ലഭിക്കുവാൻ പ്രാർഥിക്കുകയും വേണം. ■

SCHOOL OF Qur'an

جامعة الهند الإسلامية
JAMIA AL-HIND AL-ISLAMIYYA

# സംസ്ഥാന തല അൽ ഇത്ഖാന് ഉജ്ജ്വല സമാപനം

ജാമിഅ അൽഹിന്ദ് അൽ ഇസ്‌ലാമിയ്യയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂൾ ഓഫ് ഖുർആനിന്റെ നേതൃത്വത്തിൽ നടന്ന ഈ വർഷത്തെ 'അൽ ഇത്ഖാൻ' സംസ്ഥാന തല മത്സരം സമാപിച്ചു. കേരളത്തിനകത്തും പുറത്തുമായി 40ൽ അധികം സെന്ററുകളിലായി നടന്ന ഒന്നാംഘട്ട മത്സരത്തിലെ വിജയികളാണ് മുക്കം, നെല്ലിക്കാപറമ്പ് ഗ്രീൻവാലി ക്യാമ്പസിൽ വെച്ച് മാറ്റുരച്ചത്.

മത്സരത്തിൽ ഗ്രേഡ് മൂന്നിൽ മാറഞ്ചേരി സെന്റർ ഒന്നാം സ്ഥാനവും ചട്ടിപ്പറമ്പ് രണ്ടാം സ്ഥാനവും അരീക്കോട് മൂന്നാം സ്ഥാനവും നേടി ഓവറോൾ ചാമ്പ്യൻമാരായി. ഗ്രേഡ് നാലിൽ തോട്ടശ്ശേരിയറ ഒന്നാം സ്ഥാനവും മഞ്ചേരി രണ്ടാം സ്ഥാനവും പരപ്പനങ്ങാടി മൂന്നാം സ്ഥാനവും നേടി. ഗ്രേഡ് അഞ്ചിൽ മഞ്ചേരി, തളിപ്പറമ്പ് സെന്ററുകൾ സംയുക്തമായി ഒന്നാം സ്ഥാനവും കൊടുവായൂർ രണ്ടാം സ്ഥാനവും കൊല്ലായിൽ, മാറഞ്ചേരി സെന്ററുകൾ മൂന്നാം സ്ഥാനവും നേടി വിജയികളായി.

പ്രോഗ്രാം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ വൈസ് ചെയർമാൻ അബൂബക്കർ സലഫി ഉദ്ഘാടനം ചെയ്തു. സ്കൂൾ ഓഫ് ഖുർആൻ ഡയരക്റ്റർ പി.വി.എ പ്രിംറോസ്, സ്കൂൾ ഓഫ് ഖുർആൻ സി.ഇ.ഒ സിയാദ് അൽഹികമി, സ്കൂൾ ഓഫ് ഖുർആൻ റീജിയണൽ അക്കാഡമിക് കോ ഓർഡിനേറ്റർ മുസ്‌ലിം ബിൻ ഹൈദർ, ഗ്രീൻവാലി പബ്ലിക് സ്കൂൾ പ്രിൻസിപ്പാൾ അബ്ദുൽ ഹമീദ് മാസ്റ്റർ, അൽ ഇത്ഖാൻ കൺവീനർ ഹാരിസ് അൻസാരി, ഖുർആൻ ഡിപ്പാർട്ട്മെന്റ് ഹെഡ് സയ്യിദ് അബ്ദുല്ല എന്നിവർ സംസാരിച്ചു. ■

സുഫ്‌യാൻ അബ്ദുസ്സലാം
: 81296 17676

ഇന്ത്യയെ സംബന്ധിച്ചിടത്തോളം ജനാധിപത്യം ഒരു നിയമവ്യവസ്ഥയല്ല ഭരണസംവിധാനം മാത്രമാണ്. അതുകൊണ്ട് തന്നെയാണ് മതവിശ്വാസങ്ങൾക്ക് കൂടി അതിന്റെ വിശാല ക്യാൻവാസിൽ ഇടമൊരുങ്ങിയത്. ഒരുകാലത്ത് ഇന്ത്യൻ മതേതരത്വത്തെയോ ജനാധിപത്യത്തെയോ അംഗീകരിക്കാതിരുന്നവർ തിരുത്തുമായി വരുന്നത് ശുഭോദർക്കമാണ്. അതേസമയം മതനിരപേക്ഷ ജനാധിപത്യ രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ ചേരുന്നതിനെ കുറിച്ചുള്ള അവരുടെ മതവിധി കൂടി അറിയാൻ താൽപര്യമുണ്ട്.

# മതേതരത്വം മതരാഷ്ട്രവാദം ജനാധിപത്യം, ഇന്ത്യ

ഇന്ത്യയാണ് നമ്മുടെ രാജ്യം. വിവിധ വിശ്വാസങ്ങളും സംസ്കാരങ്ങളും ഉൾക്കൊള്ളുന്ന ഇന്ത്യയിലെ ജനങ്ങൾ പരസ്പരം ബന്ധിക്കപ്പെട്ടിട്ടുള്ളത് ശക്തമായ ഭരണഘടനയുടെ അടിസ്ഥാനത്തിലാണ്. ഭരണഘടന ഒരു ഉടമ്പടി കൂടിയാണ്. നാനാത്വത്തിനിടയിലും ഏകരാഷ്ട്രത്തിലെ മക്കളാണെന്ന ബോധം വളർത്തുകയും എല്ലാവരുടെയും അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്യുക എന്ന മഹത്തായ ദൗത്യമാണ് ഭരണഘടന നിർവഹിക്കുന്നത്.

### ഭരണഘടനയും ആശയവും

ഇന്ത്യൻ ഭരണഘടനയുടെ സുപ്രധാന ആശയമെന്താണെന്ന് അതിന്റെ ആമുഖം (Preamble) തന്നെ വ്യക്തമാക്കുന്നുണ്ട്: 'ഭാരതത്തിലെ ജനങ്ങളായ നാം ഭാരതത്തെ ഒരു പരമാധികാര (Sovereign) സ്ഥിതിസമത്വ (Socialist) മതേതര (Secular) ജനാധിപത്യ (Democratic) റിപ്പബ്ലിക് (Form of Government) ആയി സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം, സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും ആയ നീതിയും ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള സ്വാതന്ത്ര്യവും, പദവിയിലും അവസരത്തിലും സമത്വവും സംപ്രാപ്തമാക്കുവാനും,



അവർക്കെല്ലാമിടയിൽ വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തിക്കൊണ്ട് സാഹോദര്യം പുലർത്തുവാനും, സഗൗരവം തീരുമാനിച്ചിരിക്കയാൽ, നമ്മുടെ ഭരണഘടന നിർമാണസഭയിൽ ഈ 1949 നവംബർ ഇരുപത്താറാം ദിവസം ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.'

## മതേതരത്വം, ജനാധിപത്യം, സോഷ്യലിസം

'സെക്കുലർ, സോഷ്യലിസ്റ്റ്' എന്നീ വാക്കുകൾ ഭരണഘടനയുടെ ആമുഖത്തിൽ ചേർത്തത് 1976ൽ അടിയന്തരാവസ്ഥാകാലത്ത് 42-ാം ഭേദഗതിയിലൂടെയായിരുന്നെങ്കിലും 1949 മുതൽ ഒന്നാം നാൾ തൊട്ടുതന്നെ അവ ഭരണഘടനയുടെ ഉള്ളടക്കങ്ങളിൽ നിറഞ്ഞുനിന്നിരുന്നവയാണ്. ഇത് സൂചിപ്പിക്കുന്നത് സ്വതന്ത്ര ഭാരതം രൂപീകരിക്കപ്പെട്ടത് പ്രധാനമായും മതേതരത്വം, ജനാധിപത്യം, സോഷ്യലിസം എന്നീ മൂന്നു ശിലകളിന്മേലാണ് എന്ന യാഥാർഥ്യമാണ്. പ്രസ്തുത മൂന്ന് പദങ്ങൾക്കും ലോകത്ത് വിവിധ തരത്തിലുള്ള വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും നിലനിൽക്കുന്നുണ്ടെങ്കിലും ഇന്ത്യൻ സാഹചര്യത്തിൽ ഭരണഘടനാ വിശാരദന്മാരും രാഷ്ട്രശില്പികളും വിഭാവനം ചെയ്തിരുന്ന ആശയങ്ങൾ എന്തായിരുന്നു എന്നാണ് പരിശോധിക്കപ്പെടേണ്ടത്.

## എന്താണ് മതേതരത്വം?

'മതേതരത്വം' എന്ന പദത്തിന് ലോകത്ത് മൂന്ന് തരത്തിലുള്ള വിശദീകരണങ്ങളുണ്ട്.

1) ദൈവാസ്തിത്വത്തെ നിഷേധിച്ചുകൊണ്ട് നിർമത ചിന്തകളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തപ്പെട്ട മതേതരത്വം. ഫെഡ്രിക് നീഷേ (Friedrich Nietzsche) യെപ്പോലുള്ള ബു

ദ്ധിജീവികൾ വികസിപ്പിച്ചെടുത്തതാണ് ഈ വിശദീകരണം.

2) ദൈവ വിശ്വാസികളെങ്കിലും മനുഷ്യന്റ സാമൂഹിക ജീവിതത്തിൽ ദൈവത്തിന് യാതൊരു അധികാരവുമില്ലെന്ന് പ്രഖ്യാപിക്കുന്ന മതേതരത്വം. രാഷ്ട്രം ഒരു മതത്തെയും അംഗീകരിക്കില്ല. മതപരമായ നിലയ്ക്കുള്ള ഒരു അവകാശവും നൽകുകയുമില്ല. എന്നാൽ ദൈവ- മത വിശ്വാസങ്ങൾ വ്യക്തിപരമായി ആവാം. കാൾ മാർക്സിന്റെ 'ദി ജ്യൂവിഷ് ക്വസ്റ്റ്യൻ' എന്ന പുസ്തകത്തിൽ നിന്നും നിർധാരണം ചെയ്ത ആശയമാണിത്.

3) എല്ലാ മതവിശ്വാസങ്ങൾക്കും തുല്യ പ്രാധാന്യവും ബഹുമാനവും നൽകുന്ന മതേതരത്വം. രാഷ്ട്രത്തിന് ഔദ്യോഗിക മതമില്ലെങ്കിലും മത വിശ്വാസങ്ങൾക്കും ആരാധനകൾക്കും ആചാരങ്ങൾക്കും സംസ്കാരങ്ങൾക്കും പൂർണ സ്വാതന്ത്ര്യം നൽകുക മാത്രമല്ല, അവ ഭരണഘടന വഴി സംരക്ഷിക്കപ്പെടുകയും ചെയ്യുക എന്നതാണ് മതേതരത്വത്തിന്റെ ഈ വിവക്ഷ വഴി സംഭവിക്കുന്നത്. ഇന്ത്യൻ മതേതരത്വം ഈ ഗണത്തിൽ പെടുന്നു എന്നാണ് ഭരണഘടനാ ശിൽപികൾ തന്നെ വ്യക്തമാക്കിയിട്ടുള്ളത്.

### മതേതരത്വം: ഇന്ത്യൻ വേർഷൻ

സ്വന്തം മനഃസാക്ഷിക്ക് അനുസരിച്ച് ഏതൊരു വിശ്വാസത്തെയും സ്വീകരിക്കാനും തള്ളിക്കളയാനും ഉറക്കെ പ്രഖ്യാപിക്കാനും പ്രബോധനം ചെയ്യുവാനുമുള്ള അവകാശവും സ്വാതന്ത്ര്യവും പൗരന്മാർക്ക് നൽകിയിട്ടുണ്ടെന്ന് ഭരണഘടന വ്യക്തമാക്കുമ്പോൾ വിശ്വാസികളെ സംബന്ധിച്ചിടത്തോളം അത് അനുഗ്രഹമായി അവർ കാണേണ്ടതുണ്ട്. ലോകത്തിന്റെ പല ഭാഗങ്ങളിലും സ്വന്തം മതവിശ്വാസമനുസരിച്ച് പ്രവർത്തിക്കാൻ സ്വാതന്ത്ര്യമില്ലാത്ത അവസ്ഥകൾ ചരിത്രത്തിൽ കഴിഞ്ഞു പോയിട്ടുണ്ട്. വർത്തമാന കാലഘട്ടത്തിലും ചില രാജ്യങ്ങളിൽ അത് നിലനിൽക്കുന്നുണ്ട്. അവിടെയാണ് സ്വതന്ത്ര ഇന്ത്യ ലോകത്തിന് മാതൃകയാവുന്നത്. മുസ്‌ലിംകളുടെ ശരീഅത്തും ഇതര മതസ്ഥരുടെ മതനിയമങ്ങളും ഭരണഘടന വഴി സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ മതേതരത്വത്തിന്റെ ഇന്ത്യൻ വേർഷൻ ഇസ്‌ലാമിക വിരുദ്ധമാവുന്നില്ല.

> ഇസ്‌ലാമിക ഭരണവ്യവസ്ഥിതിക്ക് കീഴിൽ മാത്രമെ ഒരു മുസ്‌ലിമിന് ജീവിക്കാൻ പാടുള്ളൂ എന്ന് ക്വുർആനോ പ്രവാചകനോ പറഞ്ഞിട്ടില്ല. പ്രവാചക കാലഘട്ടത്തിൽ തന്നെ ക്രിസ്ത്യൻ ഭരണാധികാരിയായിരുന്ന നേഗസ് (നജ്ജാശി) ഭരണം നടത്തിയിരുന്ന എത്യോപ്യയിൽ നേഗസിന് കീഴിൽ വളരെ സുരക്ഷിതരായും സന്തോഷത്തോടെയും പ്രവാചകന്റെ അനുചരന്മാർ ജീവിച്ചിരുന്നു എന്നത് അറിയപ്പെടുന്ന ചരിത്രമാണ്. മക്കയിൽ വിശ്വാസ സ്വാതന്ത്ര്യം ഹനിക്കപ്പെട്ടപ്പോൾ സ്വഹാബിമാർ സ്വസ്ഥ ജീവിതം തേടി പോയത് നേഗസിന്റെ അരികിലേക്കായിരുന്നു.

### ഇസ്‌ലാമിക ജീവിതം സാധ്യമാവില്ലേ?!

ഇസ്‌ലാമിക ഭരണവ്യവസ്ഥിതിക്ക് കീഴിൽ മാത്രമെ ഒരു മുസ്‌ലിമിന് ജീവിക്കാൻ പാടുള്ളൂ എന്ന് ക്വുർആനോ പ്രവാചകനോ പറഞ്ഞിട്ടില്ല. പ്രവാചക കാലഘട്ടത്തിൽ തന്നെ ക്രിസ്ത്യൻ ഭരണാധികാരിയായിരുന്ന നേഗസ് (നജ്ജാശി) ഭരണം നടത്തിയിരുന്ന എത്യോപ്യയിൽ നേഗസിന് കീഴിൽ വളരെ സുരക്ഷിതരായും സന്തോഷത്തോടെയും പ്രവാചകന്റെ അനുചരന്മാർ ജീവിച്ചിരുന്നു എന്നത് അറിയപ്പെടുന്ന ചരിത്രമാണ്. മക്കയിൽ വിശ്വാസ സ്വാതന്ത്ര്യം ഹനിക്കപ്പെട്ടപ്പോൾ സ്വഹാബിമാർ സ്വസ്ഥ ജീവിതം തേടി പോയത് നേഗസിന്റെ അരികിലേക്കായിരുന്നു.

### ആരാധനകൾ പൂർണമാവാൻ രാഷ്ട്രമോ?

ആരാധനാകർമങ്ങൾ പൂർണതയോടെയും മികവോടെയും നിർവഹിക്കാൻ ഇസ്‌ലാമിക രാഷ്ട്രവും ഭരണകൂടവും അനിവാര്യമാണ് എന്ന വാദം ഒട്ടും ഇസ്‌ലാമികമല്ല. അത് അതിവാദമാണ്. ഓരോ മനുഷ്യനും നിർവഹിക്കുന്ന ആരാധനകൾക്ക് ഭരണവ്യവസ്ഥിതിയുമായി യാതൊരു ബന്ധവുമില്ല. മനുഷ്യനും ദൈവവും തമ്മിലുള്ള ഗാഢമായ ബന്ധമാണ് ആരാധന. അവയുടെ പൂർണതയും മികവും മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തിന്റെ

പൂർണതയും മികവുമനുസരിച്ചാണ്. അതിന് ഭരണസംവിധാനങ്ങളുമായി ബന്ധമില്ല. ഏതൊരു ഭരണവ്യവസ്ഥിതിയിൽ ആയിരുന്നാലും പരമാവധി ദൈവിക, ധാർമിക നിയമങ്ങൾ പാലിച്ച് ജീവിക്കാൻ പരിശ്രമിക്കുക എന്നതാണ് ഓരോ വിശ്വാസിയുടെയും കടമ. അതാണ് പ്രവാചകനും സ്വഹാബിമാരും നിർവഹിച്ച് മാതൃകയാക്കി തന്നിട്ടുള്ളത്. 'നിങ്ങൾ സാധിക്കുന്നത്ര ദൈവത്തെ സൂക്ഷിച്ച് ജീവിക്കുക' (64:16), 'ഓരോരുത്തരോടും അവരുടെ സാധ്യതക്കപ്പുറം ഏല്പിക്കപ്പെട്ടിട്ടില്ല' (2:286) തുടങ്ങിയ ഖുർആനിക സൂക്തങ്ങളിൽ ഇക്കാര്യം വ്യക്തമാണ്.

### മതരാഷ്ട്രം, ഹിന്ദുരാഷ്ട്രം, ഇസ്‌ലാമിക രാഷ്ട്രം

വിവിധ വിശ്വാസധാരകളും മതവിശ്വാസങ്ങളും ഉള്ള ഒരു പ്രദേശത്ത് ഒരു മതരാഷ്ട്രം ലക്ഷ്യമാക്കുക എന്നത് അക്രമവും തീവ്രചിന്തയുമാണ്. ഹിന്ദുത്വ വാദികൾ ഇന്ത്യ ഒരു ഹിന്ദുരാഷ്ട്രമാവണമെന്ന് ശഠിക്കുമ്പോൾ ഇസ്‌ലാമിക രാഷ്ട്രം ലക്ഷ്യമാക്കിക്കൊണ്ടാണ് മുസ്‌ലിംകൾ പ്രവർത്തിക്കേണ്ടത് എന്ന് ഇസ്‌ലാമിന്റെ പേരിലും അതിവാദങ്ങൾ പ്രചരിപ്പിക്കപ്പെടുന്നുണ്ട്. ഇസ്‌ലാമിനെ കുറിച്ചും മുസ്‌ലിംകളെ കുറിച്ചും സംശയവും ഭീതിയും വളർത്താനല്ലാതെ ഇത്തരം വാദങ്ങൾ കൊണ്ട് സദ്ഫലങ്ങളില്ല എന്ന് അത് പ്രചരിപ്പിച്ചു വന്നവർക്ക് തന്നെ ഇപ്പോൾ ബോധ്യപ്പെട്ടിരിക്കുകയാണ്. മതേതരത്വം എന്ന ആശയത്തെ ഇസ്‌ലാമിക വിരുദ്ധം എന്ന് പ്രചരിപ്പിച്ച് മുസ്‌ലിം സമുദായത്തെ നിഷ്ക്രിയത്വത്തിന്റെ കരിമ്പടം പുതപ്പിക്കാൻ ശ്രമിച്ചവർ ഇപ്പോൾ മതേതരത്വത്തിന്റെ ധ്വജവാഹകരായി പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുകയാണ്.

### മതനിയമങ്ങൾ അടിച്ചേൽപിക്കാവുന്നതല്ല

ഹൈന്ദവ സംസ്കാരം ഉൾകൊള്ളാൻ തയ്യാറില്ലാത്ത ഒരു സമൂഹത്തോട് അത് നിർബന്ധമായും സ്വീകരിച്ചേ പറ്റൂ എന്ന് വാശി പിടിക്കുന്നതു പോലെയാണ് ഇസ്‌ലാമിക വിശ്വാസം ഉൾകൊണ്ടിട്ടില്ലാത്ത ഒരു ജനതയോട് ഇസ്‌ലാമിക നിയമങ്ങൾ പാലിക്കണമെന്ന് കല്പിക്കുകയും അപ്രകാരമുള്ള നിയമങ്ങൾ അവരുടെ മേൽ അടിച്ചേൽപിക്കുകയും ചെയ്യുന്നത്. ഇത്തരം വാദങ്ങളെല്ലാം മതത്തിന്റെ പേരിലുള്ള അക്രമവും ബലാൽക്കാരവുമാണ്. 'മതത്തിൽ ബലാൽക്കാരമില്ല' (2:256), 'വിശ്വസിക്കാൻ ഉദ്ദേശിക്കുന്നവൻ വിശ്വസിക്കട്ടെ, അവിശ്വസിക്കാൻ ഉദ്ദേശിക്കുന്നവൻ അവിശ്വസിക്കട്ടെ' (18:29) തുടങ്ങിയ വചനങ്ങൾ ഈ വിഷയങ്ങളിൽ ഖുർആൻ നൽകുന്ന വെളിച്ചമാണ്.

> ഭൂരിപക്ഷത്തിന് ന്യൂനപക്ഷങ്ങൾക്ക് മേൽ അധീശത്വം ഉണ്ടാവുകയും ഭൂരിപക്ഷം നൽകുന്ന ആനുകൂല്യങ്ങളിൽ മാത്രം ന്യൂനപക്ഷങ്ങൾക്ക് ജീവിക്കാൻ സാധിക്കുന്ന അവസ്ഥയാണത്. എന്നാൽ ഇന്ത്യയിൽ ഭൂരിപക്ഷാധിപത്യം അനുവദിച്ചിട്ടില്ല. ഭരണഘടന ജനാധിപത്യത്തിന് നൽകുന്ന വിശദീകരണം ഏത് ചെറു ന്യൂനപക്ഷമാണെങ്കിലും അവർക്കെല്ലാം ആധിപത്യമുണ്ട് എന്നതാണ്. ജനങ്ങൾ ഏത് മതക്കാരായാലും ഗോത്രങ്ങളായാലും അവർക്കെല്ലാം ആധിപത്യമുണ്ട് എന്നർഥം. ഭൂരിപക്ഷത്തിന് അവരുടെ ഭൂരിപക്ഷം എന്ന അവസ്ഥയിൽ നിയമങ്ങൾ ഉണ്ടാക്കാൻ ഇന്ത്യയിൽ സാധിക്കില്ല.

### മതരാഷ്ട്രം: വിശദീകരണങ്ങളിലെ മാറാലകൾ

മതരാഷ്ട്രവാദം എന്ന ഒരു ആശയം തങ്ങൾക്കില്ലെന്ന് മാധ്യമങ്ങൾക്ക് മുമ്പിൽ ഇപ്പോൾ വെളിപ്പെടുത്തുന്നവർ അതിന് നൽകിക്കൊണ്ടിരിക്കുന്ന വിശദീകരണം ഇങ്ങനെയാണ്: 'മതരാഷ്ട്രം പുരോഹിതന്മാരാൽ നയിക്കപ്പെടുന്ന പൗരോഹിത്യ ഭരണം നടക്കുന്ന രാഷ്ട്രമാണ്. ഇസ്‌ലാം പൗരോഹിത്യത്തിനെതിരാണ്. അതുകൊണ്ടുതന്നെ ഇസ്‌ലാമിൽ പുരോഹിതന്മാരില്ല. ഇസ്‌ലാമിക രാഷ്ട്രം പുരോഹിത രാഷ്ട്രമല്ല; മതരാഷ്ട്രവുമല്ല.' (കെ ടി കുഞ്ഞിക്കണ്ണനുള്ള മറുപടി - ശൈഖ് മുഹമ്മദ് കാരക്കുന്ന്). മതരാഷ്ട്രം ഒരു പൗരോഹിത്യ രാഷ്ട്രമാണെന്നും തങ്ങൾ ലക്ഷ്യമാക്കുന്നത് ഇസ്‌ലാമിക രാഷ്ട്രമാണെന്നുമാണ് ഈ വിശദീകരണത്തിന്റെ കാതൽ. പതിനഞ്ച് ശതമാനത്തിൽ താഴെ മാത്രം ഇസ്‌ലാം വിശ്വാസികളുള്ള ഒരു രാജ്യത്ത് ഒരു ഇസ്‌ലാമിക രാഷ്ട്രം എന്ന ആശയം ലക്ഷ്യം വെക്കുന്നതിനെയാണ് മതരാഷ്ട്രവാദം

എന്ന് വിമർശകർ പറയുന്നത്. എന്നാൽ ഇപ്പോൾ പുതിയ വിശദീകരണങ്ങളിൽ മതരാഷ്ട്രം തങ്ങൾ മുന്നോട്ടുവെക്കുന്നില്ലെന്ന് പറയുമ്പോൾ 'ഇസ്‌ലാമിക രാഷ്ട്രം' എന്ന ലക്ഷ്യത്തെ കുറിച്ച് ഇക്കൂട്ടർ മൗനം ഭജിക്കുകയാണ് ചെയ്യുന്നത്.

### ബഹുസ്വര സമൂഹത്തിൽ ഇസ്‌ലാമിക രാഷ്ട്രമോ?

ഒരു പ്രദേശത്തെ ജനങ്ങൾ പൊതുവിൽ ഒരു മതത്തെ സ്വീകരിക്കുമ്പോൾ മാത്രം സ്വാഭാവികമായി പ്രസ്തുത മതത്തിന്റെ ഭാഗമായുള്ള നിയമസംഹിതകൾ അവിടെ നടപ്പായേക്കാം എന്നല്ലാതെ ജനങ്ങൾ വിവിധ മതസ്ഥരായി കഴിയുന്ന ഒരു രാജ്യത്ത് ഏതെങ്കിലും ഒരു മതത്തിന്റെ ശരീഅത്ത് (നിയമസംഹിത) ലക്ഷ്യമാക്കണമെന്ന് പറയുന്നത് അപ്രായോഗികം മാത്രമല്ല, അത് അനീതി കൂടിയാണ്. അതുകൊണ്ടുതന്നെ മതരാഷ്ട്രവാദമല്ല, ഇസ്‌ലാമിക രാഷ്ട്രമാണ് ലക്ഷ്യമെന്ന് പറയുന്നത് കൊണ്ട് പ്രത്യേകിച്ച് ഒരു വ്യത്യാസവുമില്ല.

### ജനാധിപത്യവും ഇന്ത്യയും

സ്വതന്ത്ര ഇന്ത്യയിൽ ഏറെ ചർച്ച ചെയ്യപ്പെട്ട പദമാണ് ജനാധിപത്യം. ആഗോളാടിസ്ഥാനത്തിൽ വിവിധ സമൂഹങ്ങളിൽ ജനാധിപത്യം എന്ന പദത്തിന് മതേതരത്വം പോലെ വ്യത്യസ്ത വിശദീകരണങ്ങൾ ഉണ്ടായിട്ടുണ്ട്. തത്വചിന്തകരും രാഷ്ട്രീയ വീക്ഷാഗതിക്കാരും ഏറെ ഗവേഷണം നടത്തി വ്യത്യസ്ത നിഗമനത്തിൽ എത്തിച്ചേർന്ന പദമാണ് ജനാധിപത്യം.

### ജനാധിപത്യം ഒരു നിയമവ്യവസ്ഥയല്ല

ഇന്ത്യയെ സംബന്ധിച്ചിടത്തോളം ജനാധിപത്യം ഒരു നിയമവ്യവസ്ഥ അഥവാ ശരീഅത്ത് (Set of rules) അല്ല, മറിച്ച് അത് ഒരു ഭരണസംവിധാനം (System of Governance) മാത്രമാണ്. ചില രാജ്യങ്ങളിൽ ഭരണസംവിധാനം രാജാധിപത്യമാണ്. ചിലയിടങ്ങളിൽ ഏകാധിപത്യമാണ്. ഇസ്‌ലാമിക നിയമങ്ങൾ (ശരീഅത്ത്) നിയമവ്യവസ്ഥയായും രാജാധിപത്യം ഭരണ സംവിധാനവുമായിട്ടുള്ള രാജ്യങ്ങളുണ്ട്. പോപ്പും കർദ്ദിനാൾമാരും ചേർന്ന് നിർമിക്കുന്ന ക്രിസ്തീയ നിയമ വ്യവസ്ഥയാണ് വത്തിക്കാനിൽ ഉള്ളതെങ്കിലും അവിടുത്തെ ഭരണവ്യവസ്ഥ മൊണാർക്കിയാണ്. ഒരു മൊണാർക്കിയൽ ഹിന്ദു രാഷ്ട്രമാണ് നേപ്പാൾ. എന്നാൽ ഇന്ത്യ അതിൽ നിന്നെല്ലാം വ്യത്യസ്തമാണ്. പൗരന്മാരിൽ ഏതൊരു കൊച്ചു ന്യൂനപക്ഷമാണെങ്കിലും അവരുടെയെല്ലാം വിശ്വാസം, സംസ്കാരം, ആരാധനകൾ, പരസ്യപ്രബോധനം എന്നിവയെല്ലാം അവകാശമായി പ്രഖ്യാപിച്ചുകൊണ്ടും അവർക്കെല്ലാം പ്രാതിനിധ്യം ഉറപ്പിച്ചുകൊണ്ടുമുള്ള പ്രാതിനിധ്യ ജനാധിപത്യം (Representative democracy) ആണ് ഇന്ത്യയുടെ സൗന്ദര്യം.

> ഹിന്ദുത്വ വാദികൾ ഇന്ത്യ ഒരു ഹിന്ദുരാഷ്ട്രമാവണമെന്ന് ശഠിക്കുമ്പോൾ ഇസ്‌ലാമിക രാഷ്ട്രം ലക്ഷ്യമാക്കിക്കൊണ്ടാണ് മുസ്‌ലിംകൾ പ്രവർത്തിക്കേണ്ടത് എന്ന് ഇസ്‌ലാമിന്റെ പേരിലും അതിവാദങ്ങൾ പ്രചരിപ്പിക്കപ്പെടുന്നുണ്ട്. ഇസ്‌ലാമിനെ കുറിച്ചും മുസ്‌ലിംകളെ കുറിച്ചും സംശയവും ഭീതിയും വളർത്താനല്ലാതെ ഇത്തരം വാദങ്ങൾ കൊണ്ട് സദ്ഫലങ്ങളില്ല എന്ന് അത് പ്രചരിപ്പിച്ചു വന്നവർക്ക് തന്നെ ഇപ്പോൾ ബോധ്യപ്പെട്ടിരിക്കുകയാണ്. മതേതരത്വം എന്ന ആശയത്തെ ഇസ്‌ലാമിക വിരുദ്ധം എന്ന് പ്രചരിപ്പിച്ച് മുസ്‌ലിം സമുദായത്തെ നിഷ്ക്രിയത്വത്തിന്റെ കരിമ്പടം പുതപ്പിക്കാൻ ശ്രമിച്ചവർ ഇപ്പോൾ മതേതരത്വത്തിന്റെ ധ്വജവാഹകരായി പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുകയാണ്.

### ജനാധിപത്യം ഭൂരിപക്ഷാധിപത്യമല്ല

ജനാധിപത്യത്തിന് ചില രാജ്യങ്ങളിൽ ഭൂരിപക്ഷാധിപത്യം എന്ന വ്യാഖ്യാനവുമുണ്ട്. ഭൂരിപക്ഷത്തിന് ന്യൂനപക്ഷങ്ങൾക്ക് മേൽ അധീശത്വം ഉണ്ടാവുകയും ഭൂരിപക്ഷം നൽകുന്ന ആനുകൂല്യങ്ങളിൽ മാത്രം ന്യൂനപക്ഷങ്ങൾക്ക് ജീവിക്കാൻ സാധിക്കുന്ന അവസ്ഥയാണത്. എന്നാൽ ഇന്ത്യയിൽ ഭൂരിപക്ഷാധിപത്യം അനുവദിച്ചിട്ടില്ല. ഭരണഘടന ജനാധിപത്യത്തിന് നൽകുന്ന വിശദീകരണം ഏത് ചെറു ന്യൂനപക്ഷമാണെങ്കിലും അവർക്കെല്ലാം ആധിപത്യമുണ്ട് എന്നതാണ്. ജനങ്ങൾ ഏത് മതക്കാരായാലും ഗോത്രങ്ങളായാലും അവർക്കെല്ലാം ആധിപത്യമുണ്ട് എന്നർഥം. ഭൂരിപക്ഷത്തിന് അവരുടെ ഭൂരിപക്ഷം എന്ന അവസ്ഥയിൽ നിയമങ്ങൾ ഉണ്ടാക്കാൻ ഇന്ത്യയിൽ സാധിക്കില്ല. മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം അവരുടെ ശരീഅത്ത് ഇന്ത്യൻ ഭരണഘടന വഴി സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഇന്ത്യയിലെ മുസ്‌ലിംകളുടെ വിശ്വാസപരമോ ആചാരപരമോ മതപരമോ അനുഷ്ഠാനപരമോ ആയ യാതൊന്നിനെയും ഹനിക്കാൻ ഹൈന്ദവ ഭൂരിപക്ഷത്തിന് സാധിക്കില്ല.

### അപകടമായ സമീപനങ്ങൾ

ഇന്ത്യ ഒരു റിപ്പബ്ലിക്കാവുന്നതിന് മുമ്പ് തന്നെ ഭരണഘടനാ അസംബ്ലിയിൽ (Constituent

നേരത്തെ മതേതരത്വത്തെയോ ജനാധിപത്യത്തെയോ അംഗീകരിക്കാതിരുന്നവർ ഇപ്പോൾ തങ്ങൾ അങ്ങനെയൊന്നും പറഞ്ഞിട്ടില്ലെന്ന് പറഞ്ഞുകൊണ്ട് കണ്ണടച്ച് ഇരുട്ടാക്കാൻ ശ്രമിക്കുകയാണ്. തത്കാലത്തേക്ക് നിലനിൽപിനു വേണ്ടിയുള്ള ആദർശ മാറ്റമല്ല, മറിച്ച് അടിസ്ഥാനപരമായി തന്നെ ഇന്ത്യൻ ഭരണഘടന വിവക്ഷിക്കുന്ന മതേതര-ജനാധിപത്യ ആശയങ്ങളെ ആത്മാർഥമായി അംഗീകരിച്ചുകൊണ്ടാണ് ഈ മാറ്റമെന്ന് പ്രഖ്യാപിക്കാനുള്ള ആർജവം അവർ കാണിക്കേണ്ടതുണ്ട്.

Assembly) ജനാധിപത്യം, മതേതരത്വം തുടങ്ങിയ വിഷയങ്ങളിൽ ചർച്ചകൾ ഉണ്ടായിട്ടുണ്ട്. ചർച്ചയിൽ മുസ്‌ലിം നേതാക്കളും മറ്റു ന്യൂനപക്ഷ സമുദായങ്ങളുടെ നേതാക്കളും സജീവമായി പങ്കെടുത്തിട്ടുണ്ട്. എന്നാൽ ഇതിൽ നിന്നെല്ലാം മാറി നിന്ന് ഭരണഘടനയോടോ രാഷ്ട്രത്തോടോ യാതൊരു കൂറും പുലർത്താതെ ജനാധിപത്യം, മതേതരത്വം തുടങ്ങിയ വിഷയങ്ങളിൽ അപക്വമായ സമീപനം പുലർത്തുകയായിരുന്നു ചിലർ. അനിസ്ലാമിക ഭരണ വ്യവസ്ഥയിൽ രാഷ്ട്രത്തിന് വേണ്ടിയുള്ള സേവനങ്ങൾ അർപ്പിക്കുകയോ രാജ്യത്തിന്റെ കുഞ്ചിക സ്ഥാനങ്ങൾ വഹിക്കുകയോ തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കുകയോ ചെയ്യാൻ മുസ്‌ലിംകൾക്ക് പാടില്ലെന്നും അവയെല്ലാം ശിർക്കും കുഫ്‌റുമാണെന്നും ഫത്‌വ നൽകുകയുമായിരുന്നു ഈ അപക്വമതികൾ.

### മുസ്‌ലിംകൾ സജീവ രാഷ്ട്രീയത്തിൽ

ഇത്തരം ഫത്‌വകൾക്കെതിരെ ഇന്ത്യയിലെ മുസ്‌ലിം പണ്ഡിതന്മാർ, വിശിഷ്യാ സലഫി പണ്ഡിതന്മാർ ശക്തമായ നിലപാടുകൾ സ്വീകരിക്കുകയും ഇന്ത്യൻ രാഷ്ട്രീയത്തിൽ സജീവമായ പങ്കാളിത്തം വഹിക്കാൻ മുസ്‌ലിംകളോട് ആഹ്വാനം ചെയ്യുകയും ചെയ്തു. മുസ്‌ലിം ലീഗിലും കോൺഗ്രസിലും മുസ്‌ലിം വിരുദ്ധമല്ലാത്ത മറ്റു രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും മുസ്‌ലിം സമുദായം സജീവമായി. ഇന്ത്യൻ രാഷ്ട്രീയ വ്യവസ്ഥിതിയിൽ പങ്കാളികളാവാൻ പാടില്ലെന്നെന്ന് ഫത്‌വ പറഞ്ഞവർ ഇപ്പോൾ അതെല്ലാം മാറ്റിപ്പറയുന്നുണ്ടെങ്കിലും തങ്ങളുടെ പ്രസ്ഥാനത്തിലെ അംഗങ്ങൾക്ക് മറ്റു രാഷ്ട്രീയ പാർട്ടികളിൽ അംഗത്വമെടുക്കാനുള്ള അനുമതി ഇതുവരെയും അവർ നൽകിയിട്ടില്ല. മറ്റു പാർട്ടികളിൽ ചേർന്ന് പ്രവർത്തിക്കാൻ അനുമതി നല്കാതിരിക്കുന്നതിൽ നിന്നും കാര്യം വ്യക്തമാണ്. അടിസ്ഥാനപരമായ മാറ്റത്തിന് തയ്യാറല്ല. ഇന്ത്യയിലെ മതനിരപേക്ഷ, ജനാധിപത്യ രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ ചേർന്ന് പ്രവർത്തിക്കുന്നതിന്റെ മതവിധി കൂടി അവർ പുറപ്പെടുവിക്കേണ്ടതുണ്ട്.

### കമ്യൂണിസ്റ്റുകളുടെ ജനാധിപത്യ മതേതര വീക്ഷണം

ജനാധിപത്യത്തിനെതിരെ നിലപാട് സ്വീകരിച്ചവരായിരുന്നു കമ്യൂണിസ്റ്റുകൾ. ഭരണകൂടത്തെ ഒരു ഇലക്ടറൽ സംവിധാനത്തിലൂടെ തെരഞ്ഞെടുക്കുന്നത് കമ്യൂണിസ്റ്റുകൾ അംഗീകരിക്കുന്നില്ല. കമ്യൂണിസത്തിൽ അധികാരം പാർട്ടി നേതാവിൽ അധിഷ്ഠിതമാണ്. ജനങ്ങളുടെ താല്പര്യങ്ങൾക്കോ അഭിപ്രായങ്ങൾക്കോ അവിടെ സ്ഥാനമില്ല. സ്വാതന്ത്ര്യ സമരത്തിലൂടെ ജനാധിപത്യ, മതനിരപേക്ഷ ആശയങ്ങൾ ഉൾക്കൊണ്ട ഇന്ത്യൻ ജനതക്കിടയിൽ കമ്യൂണിസത്തിന്റെ ജനാധിപത്യ വിരുദ്ധത ഏശിയില്ല. ജനാധിപത്യത്തിന്റെ കൂടെ സഞ്ചരിക്കാൻ അവർ നിർബന്ധിതരായി. അങ്ങനെ ജനാധിപത്യത്തിലൂടെ തെരഞ്ഞെടുക്കപ്പെട്ട ഒരു കമ്യൂണിസ്റ്റ് സർക്കാർ ലോകത്ത് ആദ്യമായി ഉണ്ടായിട്ടുള്ളത് കേരളത്തിലാണ് എന്നത് വിധിവൈപരീത്യം. മതേതരത്വം എന്ന ആശയവും കമ്യൂണിസ്റ്റുകൾ വച്ചുപുലർത്തുന്നത് മതനിരാസത്തിൽ അധിഷ്ഠിതമായ മതേതരത്വമാണ്.

### ഒളിച്ചുകളികൾ ആവശ്യമില്ല

നേരത്തെ മതേതരത്വത്തെയോ ജനാധിപത്യത്തെയോ അംഗീകരിക്കാതിരുന്നവർ ഇപ്പോൾ തങ്ങൾ അങ്ങനെയൊന്നും പറഞ്ഞിട്ടില്ലെന്ന് പറഞ്ഞുകൊണ്ട് കണ്ണടച്ച് ഇരുട്ടാക്കാൻ ശ്രമിക്കുകയാണ്. തത്കാലത്തേക്ക് നിലനിൽപിനു വേണ്ടിയുള്ള ആദർശ മാറ്റമല്ല, മറിച്ച് അടിസ്ഥാനപരമായി തന്നെ ഇന്ത്യൻ ഭരണഘടന വിവക്ഷിക്കുന്ന മതേതര-ജനാധിപത്യ ആശയങ്ങളെ ആത്മാർഥമായി അംഗീകരിച്ചുകൊണ്ടാണ് ഈ മാറ്റമെന്ന് പ്രഖ്യാപിക്കാനുള്ള ആർജവം അവർ കാണിക്കേണ്ടതുണ്ട്. വരാനിരിക്കുന്ന തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനെയോ അസംബ്ലി തെരഞ്ഞെടുപ്പിനെയോ മുന്നിൽ കണ്ടുകൊണ്ട് എങ്ങനെയെങ്കിലും തങ്ങളുടെ രാഷ്ട്രീയ പാർട്ടിക്ക് കരുത്താകുന്നതിനും അതുവഴി മുന്നണികളെ തെറ്റിദ്ധരിപ്പിച്ചു കടന്നുകൂടുന്നതിനും വേണ്ടിയുള്ള ശ്രമമാണെങ്കിൽ അത് ജനം തിരിച്ചറിയുമെന്ന കാര്യത്തിൽ സംശയമില്ല. ■





വി.വി. ബഷീർ വടകര
: 81569 12979

# അഭിമാനം അമൂല്യമാണ്

ഏതൊരു മനുഷ്യനും അവന്റെ അഭിമാനവും അന്തസ്സും വലുതാണ്. അതിന് ക്ഷതമേൽക്കുക എന്നത് അവന് സഹിക്കാൻ പറ്റുന്നതിനും അപ്പുറമാണ്. തെറ്റുകൾ ചെയ്താലും ഇല്ലെങ്കിലും അഭിമാനത്തിന് പോറലേൽക്കുന്ന ഒന്നും തന്നെ ആരും ആഗ്രഹിക്കുകയില്ല! എന്നാൽ മറ്റുള്ളവരുടെ അഭിമാനത്തെയും വ്യക്തിത്വത്തെയും ആദരിക്കാൻ പലരും മടി കാണിക്കുന്ന കാലമാണിത് എന്നത് സമകാലിക സാഹചര്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. വിളിച്ചുവരുത്തി അപമാനിക്കുകയും മാനസികമായി വേദനിപ്പിച്ച് ആത്മഹത്യയിലേക്ക് തള്ളിവിടുകയും ചെയ്ത സംഭവങ്ങൾ നാം അറിയുന്നു.

നീതിനിഷ്ഠയിലും നിയമനടത്തിപ്പിലും നിതാന്ത ജാഗ്രത പുലർത്തിയിരുന്ന അമീറുൽ മുഅ്മിനീൻ ഉമർ(റ)വിനെ അപരാധികൾ അത്യധികം ഭയപ്പെട്ടു. മറ്റുള്ളവരുടെ തെറ്റുകുറ്റങ്ങൾ ചൂഴ്ന്ന് അന്വേഷിക്കുന്ന പതിവ് അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. ഒരിക്കൽ സുഹൃത്തുക്കളിൽ ഒരാൾ അദ്ദേഹത്തെ സമീപിച്ച് താൻ വലിയ ഒരു കൃത്യം നിർവഹിക്കുകയാണെന്ന് മട്ടിൽ പറഞ്ഞു: "ഇന്ന സ്ത്രീയും പുരുഷനും ഈന്തപ്പന മരത്തിന്റെ മറവിൽ വെച്ച് പരസ്പരം ആലിംഗനം ചെയ്യുന്നത് ഞാൻ നേരിൽ കണ്ടിരിക്കുന്നു." ഇതുകേട്ട ഖലീഫ കോപാകുലനായി അദ്ദേഹത്തോട് ചോദിച്ചു: "താങ്കൾക്ക് അവരോട് അൽപം ഗുണകാംക്ഷ പുലർത്തിയാൽ എന്താണ്? അവരെ ഉപദേശിക്കുകയും അവരുടെ കുറ്റം മറച്ചുവയ്ക്കുകയും ചെയ്തുകൂടേ? അവർക്കെതിരെ പിശാചിന്റെ സഹായിയാകുന്നതിന് പകരം അവരുടെ പാപമോചനം പ്രതീക്ഷിച്ചുകൂടേ? ആരെങ്കിലും തന്റെ സഹോദരന്റെ ന്യൂനത മറച്ചുവെച്ചാൽ അല്ലാഹു അവന്റെ പോരായ്മ ഗോപ്യമായി വയ്ക്കുമെന്ന് റസൂൽ(സ്വ) പറയുന്നത് നിങ്ങളും കേട്ടിട്ടില്ലേ?"

ഇസ്‌ലാമിക നിയമത്തിന്റെ ദൃഷ്ടിയിൽ ഒരു വ്യക്തിയുടെ അഭിമാനത്തിന്റെ മാനദണ്ഡം അയാളുടെ സാമൂഹിക പദവിയോ സാമ്പത്തിക സ്ഥിതിയോ അല്ല. ഏതൊരു വ്യക്തിയുടെയും അഭിമാനം സംരക്ഷിക്കപ്പെടേണ്ടതുണ്ട്. അതിന് മുറിവേൽപിക്കാൻ ഇസ്‌ലാം ആരെയും അനുവദിക്കുന്നില്ല. അതിൽ വലിപ്പ വ്യത്യാസമോ മറ്റെന്തെങ്കിലും തരത്തിലുള്ള വിവേചനമോ ഇല്ല. തെറ്റു ചെയ്യാത്ത മനുഷ്യരില്ല. ആദമിന്റെ മക്കൾ എല്ലാം തന്നെ തെറ്റ് ചെയ്യുന്നവരാണ്. എന്നാൽ ആ തെറ്റിൽ നിന്ന് പശ്ചാത്തപിച്ചു മടങ്ങാൻ അവന് അവസരമുണ്ട്. അതിന് വിഘാതമാണ് അവന്റെ അഭിമാനത്തെ പിച്ചിച്ചീന്തുന്നവിധം ഊഹാപോഹങ്ങളും സംശയങ്ങളും വെച്ച് അവനെ ക്രൂശിക്കുകയും പരിഹസിക്കുകയും ആളുകൾക്കിടയിൽവെച്ച് കുത്തുവാക്കു പറയുകയും ചെയ്യുക എന്നത്.

പരിശുദ്ധ ക്വുർആൻ പറയുന്നു: "...സത്യവിശ്വാസികളേ, ഒരു ജനവിഭാഗം മറ്റൊരു ജനവിഭാഗത്തെ പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്നവർ) അവരെക്കാൾ നല്ലവരായിരുന്നേക്കാം. ഒരു വിഭാഗം സ്ത്രീകൾ മറ്റൊരു വിഭാഗം സ്ത്രീകളെയും പരിഹസിക്കരുത്. ഇവർ (പരി

ഹസിക്കപ്പെടുന്ന സ്ത്രീകൾ) മറ്റവരെക്കാൾ ഉത്തമരായേക്കാം. നിങ്ങൾ അന്യോന്യം കുത്തുവാക്ക് പറയരുത്. നിങ്ങൾ പരിഹാസ പേരുകൾ വിളിച്ച് പരസ്പരം അപമാനിക്കുകയും അരുത്. സത്യവിശ്വാസം കൈക്കൊണ്ടതിനു ശേഷം അധാർമികമായ പേര് (വിളിക്കുന്നത്) എത്ര ചീത്ത! വല്ലവനും പശ്ചാത്തപിക്കാത്ത പക്ഷം അത്തരക്കാർ തന്നെയാണ് അക്രമികൾ! സത്യവിശ്വാസികളേ, ഊഹത്തിൽനിന്ന് മിക്കതും നിങ്ങൾ വെടിയുക. തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റമാകുന്നു. നിങ്ങൾ ചാരവൃത്തി നടത്തുകയും അരുത്. നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിച്ചു പറയുകയും അരുത്. തന്റെ സഹോദരൻ മരിച്ചുകിടക്കുമ്പോൾ അവന്റെ മാംസം ഭക്ഷിക്കുവാൻ നിങ്ങളിൽ ആരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നുന്നത്) നിങ്ങൾ വെറുക്കുകയാണ് ചെയ്യുന്നത്. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാണ്" (ഹുജുറാത്ത് 10-12).

അഭിമാനത്തിന്റെ പവിത്രതയാണ് അല്ലാഹു ഇവിടെ സൂചിപ്പിച്ചത്. അബുദ്ദർദാഅ്(റ) നിവേദനം ചെയ്ത ഒരു ഹദീസിൽ ഇങ്ങനെ കാണാം: നബി(സ്വ) പറഞ്ഞു: "സഹോദരന്റെ അഭിമാനത്തെ ആരെങ്കിലും പ്രതിരോധിച്ചാൽ അന്ത്യനാളിൽ അല്ലാഹു അവന്റെ മുഖത്തുനിന്നും നരകത്തീയിനെ തടുക്കും." (തിർമുദി).

തന്റെ കുറവുകൾ കുമിഞ്ഞുകൂടിയിട്ടും മറ്റുള്ളവന്റെ കുറവുകൾ അന്വേഷിച്ചുള്ള യാത്രയിൽ തളരുന്നവരാണ് പലരും! വ്യക്തിബന്ധങ്ങളിലും സാമൂഹിക-രാഷ്ട്രീയ രംഗങ്ങളിലും ഇന്നിത് പ്രകടമാണ്. മതസംഘടനാരംഗത്തേക്കും ഈ പ്രവണത ചേക്കേറിയെന്നുള്ളത് ഖേദകരമാണ്.

വ്യക്തികളെ തേജോവധം ചെയ്യുന്നതിനായി പോക്സോ കേസടക്കമുള്ള കള്ളക്കേസുകൾ കൊടുക്കുന്നവർ സമൂഹത്തിലുണ്ട്. പരീക്ഷാ ഹാളിൽ കോപ്പിയടിക്കാൻ അനുവദിക്കാത്ത അധ്യാപകനെ പോക്സോ കേസിൽ കുടുക്കിയ സംഭവം അടുത്തകാലത്ത് നടന്നതാണ്.

എത്ര ദുഷ്ടനായ മനുഷ്യനാണ് മരിച്ചതെങ്കിലും മരിച്ചതിനുശേഷം പൊതുവെ അയാളെ ആരും മോശമാക്കി പറയാറില്ല. അത് ആദരവിന്റെ ഒരു ഭാഗമാണ്. എന്നാൽ യാതൊരു തരത്തിലുള്ള കളങ്കവും ഇല്ലാതെ സർവീസിൽ നിന്നും വിരമിക്കുന്നവരെ രാഷ്ട്രീയ പകപോക്കലിന്റെയോ മറ്റോ ഭാഗമായി കുത്തുവാക്കുകളാൽ നോവിച്ചുവിടുന്നത് വലിയ അപരാധം തന്നെയാണ്.

ഒരു വാക്കു മതി അന്യന്റെ അഭിമാനത്തെ നശിപ്പിക്കാൻ. നഷ്ടപ്പെട്ട അഭിമാനം വീണ്ടെടുക്കാൻ പ്രയാസമായിരിക്കും. ഇസ്‌ലാം ഈ വിഷയത്തിൽ കൃത്യമായ നിലപാടാണ് ജനങ്ങളെ അറിയിക്കുന്നത്.

"സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും-അവർ പ്രവർത്തിച്ചതല്ലാത്തതിന്റെ പേരിൽ -ശല്യപ്പെടുത്തുന്നവരാകട്ടെ, അവർ അപരാധവും പ്രത്യക്ഷമായ കുറ്റവും (സ്വയം) ഏറ്റെടുത്തു കഴിഞ്ഞിരി ക്കയാണ്" (അൽഅഹ്സാബ് 58).

സോഷ്യൽ മീഡിയകളെ തനിക്ക് ഇഷ്ടമില്ലാത്തവരെ അപമാനിക്കാനായി ഉപയോഗപ്പെടുത്തുന്നവരുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുകയാണ്. വിശ്വാസികൾ ഇത്തരം തെറ്റുകളിൽ നിന്ന് മാറിനിന്നേ മതിയാകൂ.

ഇസ്‌ലാമിക ശരീഅത്തിൽ വ്യഭിചാരത്തിന്റെ ശിക്ഷപോലും വിശ്വസ്തരായ നാലു സാക്ഷികളുടെ പിൻബലത്തിലേ നടപ്പാക്കാൻ പാടുള്ളൂ. ഗവർണർമാരെ നിശ്ചയിക്കുമ്പോൾ ഉമർ(റ) ഉപദേശിക്കാറുണ്ടായിരുന്നത് 'ഞാൻ നിങ്ങളെ അക്രമികളും മർദകരുമായല്ല, ജനങ്ങളുടെ മാർഗദർശികളും നേതാക്കളുമായാണ് നിയോഗിക്കുന്നത്. ജനങ്ങളെ മർദിച്ചുകൊണ്ട് പതിതരും അഭിമാനവ്രണിതരുമാക്കുന്നത് സൂക്ഷിച്ചു കൊള്ളുക' എന്നായിരുന്നു.

തെറ്റു ചെയ്യുന്നവരെ തന്മയത്വത്തോടെ, ഗുണകാംക്ഷയോടെ ഉപദേശിച്ച് നന്നാക്കുവാനാണ് ശ്രമിക്കേണ്ടത്. സ്വന്തം തെറ്റിൽ നിന്ന് മുക്തരാകാൻ ആദ്യം തയ്യാറാകണം. 'നീ എവിടെയായിരുന്നാലും അല്ലാഹുവിനെ സൂക്ഷിക്കുക, തിന്മ ചെയ്തുപോയാൽ അതിനു പിറകെ നന്മ ചെയ്യുക, അത് തിന്മകളെ മായ്ച്ചുകളയും, ജനങ്ങളോട് നല്ല സ്വഭാവത്തോടെ പെരുമാറുക.' ഈ പ്രവാചക വചനം ഏറെ ചിന്തനീയമാണ്. ■

ഡോ. ജൗസൽ
: +971 50 957 5064



# മനസ്സ്, ചിന്ത, ഹൃദയം

പഞ്ചേന്ദ്രിയങ്ങളിൽനിന്ന് വരുന്ന സംവേദനങ്ങൾ തലച്ചോറിന്റെ ഏതെല്ലാം ഭാഗങ്ങളിലാണ് സ്വീകരിക്കപ്പെടുന്നത് എന്ന കാര്യം ഏകദേശം കൃത്യമായി അറിയാം. എന്നാൽ എവിടെയാണ് നമ്മുടെ ചിന്തകൾ രൂപംകൊള്ളുന്നത്, മനസ്സ് എവിടെയാണ്, എന്താണ് മനസ്സ് എന്നൊന്നും കൃത്യമായ ധാരണ ശാസ്ത്രത്തിനില്ല. മൊത്തത്തിൽ തലച്ചോറാണ് ഇതിന്റെയെല്ലാം കേന്ദ്രമെന്ന് പൊതുവിൽ വിശ്വസിക്കുന്നു എന്ന് മാത്രം. അതൊരു വിശ്വാസം മാത്രമാണ്. അല്ലാതെ തെളിയിക്കപ്പെട്ട ശാസ്ത്രസത്യം ഒന്നുമല്ല.

എന്താണ് മനസ്സ്? ചിന്തകളുടെ കേന്ദ്രം എവിടെയാണ്? ഈ ചോദ്യങ്ങൾക്കൊന്നും വ്യക്തമായ ഉത്തരം ശാസ്ത്രത്തിന് നൽകാനില്ല. ഇതിനെക്കുറിച്ചൊന്നും നമുക്ക് കൃത്യമായി അറിയില്ല എന്നതാണ് വാസ്തവം. തലച്ചോറാണ് മനസ്സിനെയും ചിന്തയെയുമൊക്കെ നിയന്ത്രിക്കുന്നത് എന്ന് പൊതുവിൽ വിശ്വസിക്കപ്പെടുന്നു എന്ന് മാത്രം. എന്നാൽ ഇതെല്ലാം കൃത്യമായി, ശാസ്ത്രീയമായി തെളിയിക്കപ്പെട്ട കാര്യമാണോ എന്ന് ചോദിച്ചാൽ അല്ല എന്നുതന്നെയാണ് ഉത്തരം. ഒരു വിശ്വാസം മാത്രമാണത്. തലച്ചോറിന്റെ ഏതു ഭാഗത്താണ് മനസ്സും ചിന്തയും എന്നു ചോദിച്ചാൽ അതിനു വ്യക്തമായ ഒരു ഉത്തരവും ഇന്നത്തെ അറിവനുസരിച്ച് ശാസ്ത്രത്തിനില്ല. മനസ്സ്, ചിന്ത തുടങ്ങിയവയൊക്കെ ഇപ്പോഴും നമുക്ക് പിടികിട്ടാത്ത ഒരു പ്രഹേളിക തന്നെയാണ്.



പഞ്ചേന്ദ്രിയങ്ങളിൽനിന്ന് വരുന്ന സംവേദനങ്ങൾ തലച്ചോറിന്റെ ഏതെല്ലാം ഭാഗങ്ങളിലാണ് സ്വീകരിക്കപ്പെടുന്നത് എന്ന കാര്യം ഏകദേശം കൃത്യമായി അറിയാം. ഉദാഹരണമായി, കേൾവി കൈകാര്യം ചെയ്യുന്നത് തലച്ചോറിന്റെ വശങ്ങളിലുള്ള ടെമ്പറൽ ലോബിലെ ബ്രോഡ്മാൻ ഏരിയ 41, 42 ആണെങ്കിൽ കാഴ്ച കൈകാര്യം ചെയ്യുന്നത് തലച്ചോറിന്റെ പിൻഭാഗത്തുള്ള ഓക്സ്പിറ്റൽ ലോബിലെ വിഷൽ കോർടെക്സ് ആണ്. മണം കൈകാര്യം ചെയ്യുന്നത് തലച്ചോറിന് അടിഭാഗത്തുള്ള ഓൾഫാക്റ്ററി കോർട്ടക്സ് ആണ്. രുചി മനസ്സിലാക്കുന്നത് തലച്ചോറിന്റെ ഗസ്റ്റേറ്ററി കോർട്ടക്സിലാണ്. ശരീരത്തിന്റെ കാൽ മുതൽ തലവരെയുള്ള തൊലികളിൽ നിന്നുള്ള സ്പർശന സംവേദനങ്ങൾ തലച്ചോറിലെ ഏതെല്ലാം ഭാഗങ്ങളിലാണ് രേഖപ്പെടുത്തപ്പെട്ടത് എന്നും ഏറെക്കുറെ നമുക്കറിയാം.

ശരീരത്തിലുള്ള വ്യത്യസ്തമായ മസിലുകൾക്കും മറ്റ് അവയവങ്ങൾക്കും നിർദേശം നൽകപ്പെടുന്നത് തലച്ചോറിന്റെ ഏതെല്ലാം ഭാഗങ്ങളിൽനിന്നാണെന്ന വിവരവും ഏറെക്കുറെ ശാസ്ത്രത്തിന് അറിയാം. ഉദാഹരണത്തിന് കണ്ണിന്റെ മസിലുകളെ നിയന്ത്രിക്കുന്ന തലച്ചോറിലെ ഭാഗം ഏതാണ് എന്നും തള്ളവിരലിനെ നിയന്ത്രിക്കുന്ന തലച്ചോറിലെ ഭാഗം ഏതാണ് എന്നുമൊക്കെ നമുക്ക് അറിയാം. ഓർമകൾ സൂക്ഷിക്കപ്പെടുന്നത് തലച്ചോറിലാണ് എന്നും ഏകദേശം ധാരണയുണ്ട്.

എന്നാൽ എവിടെയാണ് നമ്മുടെ ചിന്തകൾ രൂപംകൊള്ളുന്നത്, മനസ്സ് എവിടെയാണ്, എന്താണ് മനസ്സ് എന്നൊന്നും കൃത്യമായ ധാരണ ശാസ്ത്രത്തിനില്ല. മൊത്തത്തിൽ തലച്ചോറാണ് ഇതിന്റെയെല്ലാം കേന്ദ്രമെന്ന് പൊതുവിൽ വിശ്വസിക്കുന്നു എന്ന് മാത്രം. അതൊരു വിശ്വാസം മാത്രമാണ്. അല്ലാതെ തെളിയിക്കപ്പെട്ട ശാസ്ത്രസത്യം ഒന്നുമല്ല.

മരുന്നുകൾ കൊണ്ട് മാറാത്ത ചില അപസ്മാരങ്ങൾക്ക് ചികിത്സയായി തലച്ചോറിന്റെ ചില ഭാഗങ്ങൾ ഭാഗികമായോ പൂർണമായോ തന്നെ നീക്കം ചെയ്യുന്ന ചികിത്സാ രീതികളുണ്ട്. തലച്ചോറിന്റെ ഫ്രോണ്ടൽ ലോബ്, ടെംപൊറൽ ലോബ് എന്നിവയൊക്കെ ഇങ്ങനെ നീക്കം ചെയ്യാറുണ്ട്. ചിലപ്പോൾ തലച്ചോറിന്റെ ഒരു പകുതി പൂർണമായും തന്നെ നീക്കം ചെയ്യാറുണ്ട്. ഇത്തരത്തിൽ

തലച്ചോറിന്റെ ഭാഗങ്ങൾ നീക്കം ചെയ്തവർക്ക് ബുദ്ധിശക്തിയിലോ ചിന്തയിലോ മറ്റോ കുറവ് ഉണ്ടാവാറില്ല എന്ന വസ്തുത, തലച്ചോറാണ് ചിന്തകളുടെ കേന്ദ്രം എന്ന ധാരണ മാറ്റിമറിക്കാൻ പര്യാപ്തമാണ്.

വിശുദ്ധ ക്വുർആൻ ചിന്തയുടെ കേന്ദ്രമായി ഹൃദയത്തെ ധാരാളം ഇടങ്ങളിൽ പരിചയപ്പെടുത്തുന്നുണ്ട്. ഉദാഹരണം:

أَفَلَمْ يَسِيرُوا فِي الْأَرْضِ فَتَكُونَ لَهُمْ قُلُوبٌ يَعْقِلُونَ بِهَا أَوْ آذَانٌ يَسْمَعُونَ بِهَا ۖ فَإِنَّهَا لَا تَعْمَى الْأَبْصَارُ وَلَٰكِن تَعْمَى الْقُلُوبُ الَّتِي فِي الصُّدُورِ

"ഇവർ ഭൂമിയിലൂടെ സഞ്ചരിക്കുന്നില്ലേ? എങ്കിൽ ചിന്തിച്ച് മനസ്സിലാക്കാനുതകുന്ന ഹൃദയങ്ങളോ, കേട്ടറിയാനുതകുന്ന കാതുകളോ അവർക്കുണ്ടാകുമായിരുന്നു. തീർച്ചയായും കണ്ണുകളെയല്ല അന്ധത ബാധിക്കുന്നത്. പക്ഷേ, നെഞ്ചുകളിലുള്ള ഹൃദയങ്ങളെയാണ് അന്ധത ബാധിക്കുന്നത്" (22:46).

أَفَلَا يَتَدَبَّرُونَ الْقُرْآنَ أَمْ عَلَىٰ قُلُوبٍ أَقْفَالُهَا

"അപ്പോൾ അവർ ക്വുർആൻ ചിന്തിച്ചു മനസ്സിലാക്കുന്നില്ലേ? അതല്ല, ഹൃദയങ്ങളിൻമേൽ പൂട്ടുകളിട്ടിരിക്കയാണോ?" (47:24).

"അതായത് അദൃശ്യമായ നിലയിൽ പരമകാരുണികനെ ഭയപ്പെടുകയും താഴ്മയുള്ള ഹൃദയത്തോട് കൂടി വരുകയും ചെയ്തവന്ന്" (50:33).

സമാനമായ ധാരാളം പരാമർശങ്ങൾ ഹദീസുകളിലും കാണാവുന്നതാണ്. ഇതൊക്കെ വ്യക്തമാക്കുന്നത് ചിന്തയുടെ കേന്ദ്രമായി ഇസ്‌ലാം പരിചയപ്പെടുത്തുന്നത് ഹൃദയമാണ് എന്നതാണ്. ഇക്കാര്യമൊക്കെ

സാധാരണയായി വിമർശകർ ഉന്നയിക്കുന്ന ആരോപണമാണ് 'ശാസ്ത്രം എന്തെങ്കിലുമൊന്ന് പുതുതായി കണ്ടെത്തുമ്പോൾ അതെല്ലാം പണ്ടേ ഞങ്ങളുടെ കിതാബിൽ പറഞ്ഞിട്ടുണ്ട് എന്ന് വിശ്വാസികൾ പറയാറുണ്ട്, ശാസ്ത്രം കണ്ടുപിടിക്കുന്നതിനുമുമ്പ് എന്തുകൊണ്ട് ഇത്തരം അവകാശവാദങ്ങൾ നടത്തുന്നില്ല' എന്ന്! യഥാർഥത്തിൽ ശാസ്ത്രം ഇനിയും കണ്ടെത്തിയിട്ടില്ലാത്ത ഒരുപാട് കാര്യങ്ങൾ വിശുദ്ധ ക്വുർആൻ പ്രസ്താവിച്ചിട്ടുണ്ട്. ക്വുർആൻ പ്രപഞ്ചസ്രഷ്ടാവിന്റെ വചനമാണെന്ന് ഉറപ്പുള്ള വിശ്വാസികൾ അതെല്ലാം വിശ്വസിക്കുകയും ചെയ്യുന്നു.

ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതാണോ എന്ന് ചോദിച്ചാൽ അല്ല എന്നുതന്നെയാണ് ഉത്തരം. തലച്ചോറാണ് ചിന്തകളുടെ കേന്ദ്രം എന്നത് ശാസ്ത്രീയമായി തെളിയിക്കപ്പെട്ട ഒന്നല്ല എന്നപോലെ ഇക്കാര്യവും ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതല്ല.

സാധാരണയായി വിമർശകർ ഉന്നയിക്കുന്ന ആരോപണമാണ് 'ശാസ്ത്രം എന്തെങ്കിലുമൊന്ന് പുതുതായി കണ്ടെത്തുമ്പോൾ അതെല്ലാം പണ്ടേ ഞങ്ങളുടെ കിതാബിൽ പറഞ്ഞിട്ടുണ്ട് എന്ന് വിശ്വാസികൾ പറയാറുണ്ട്, ശാസ്ത്രം കണ്ടുപിടിക്കുന്നതിനുമുമ്പ് എന്തുകൊണ്ട് ഇത്തരം അവകാശവാദങ്ങൾ നടത്തുന്നില്ല' എന്ന്! യഥാർഥത്തിൽ ശാസ്ത്രം ഇനിയും കണ്ടെത്തിയിട്ടില്ലാത്ത ഒരുപാട് കാര്യങ്ങൾ വിശുദ്ധ ക്വുർആൻ പ്രസ്താവിച്ചിട്ടുണ്ട്. ക്വുർആൻ പ്രപഞ്ചസ്രഷ്ടാവിന്റെ വചനമാണെന്ന് ഉറപ്പുള്ള വിശ്വാസികൾ അതെല്ലാം വിശ്വസിക്കുകയും ചെയ്യുന്നു.

ഹൃദയവും ചിന്തയുമായുള്ള ബന്ധങ്ങളെപ്പറ്റി ധാരാളം ഗവേഷണങ്ങൾ ശാസ്ത്രലോകത്ത് നടക്കുന്നുണ്ട്. അതൊന്നും നടത്തുന്നത് മുസ്‌ലിം ശാസ്ത്രജ്ഞരോ സിന്താനീ പ്രോജക്റ്റോ ഒന്നുമല്ല. തലച്ചോറിൽനിന്നുള്ള കേന്ദ്രനാഡി വ്യവസ്ഥയാണ് ശരീരത്തെ മൊത്തത്തിൽ നിയന്ത്രിക്കുന്നതെങ്കിലും ഹൃദയത്തിന് അതിന്റെതായ സ്വന്തം ഒരു നിയന്ത്രണവ്യവസ്ഥയുണ്ട്. ഹൃദയനാഡീവ്യവസ്ഥയെന്നാണ് (cardiac nervous system) ഇത് അറിയപ്പെടുന്നത്. ഇതിനെ കുറിച്ചുള്ള പഠനം ഹൃദയനാഡീശാസ്ത്രം (neurocardiology) എന്നറിയപ്പെടുന്നു. മനുഷ്യന്റെ ചിന്തകളെ നിയന്ത്രിക്കുന്നതിൽ ഈ നാഡീ വ്യവസ്ഥയ്ക്ക് എന്തെങ്കിലും പങ്കുണ്ടോ എന്ന കാര്യത്തിൽ ഗവേഷണങ്ങൾ ശാസ്ത്രലോകത്ത് നടക്കുന്നുണ്ട്. അതുപോലെ ഹൃദയത്തിൽനിന്നും ഉൽപാദിപ്പിക്കപ്പെടുന്ന ഹോർമോണുകളും പലതരത്തിൽ



ശരീരത്തെയും ചിന്തകളെയും സ്വാധീനിക്കുന്നുണ്ട്.

ഹൃദയമാറ്റ ശസ്ത്രക്രിയ നടത്തിയ പല ആളുകൾക്കും അവരുടെ ചിന്തകളിൽ മാറ്റം വന്നതായി അവകാശപ്പെടാറുണ്ട്. വെജിറ്റേറിയൻ ആയിരുന്ന ആൾ ശസ്ത്രക്രിയയ്ക്കുശേഷം നോൺവെജിറ്റേറിയൻ ഭക്ഷണം ഇഷ്ടപ്പെടുന്നതും മ്യൂസിക് ഇഷ്ടമല്ലാത്ത ആൾ മ്യൂസിക് ഇഷ്ടപ്പെടുന്നതും ലൈംഗിക താൽപര്യങ്ങൾ മാറുന്നതും പലതരം ചിന്താഗതികൾ മാറിയതും ഒക്കെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇത്തരം കുറെ ആളുകളുടെ അനുഭവങ്ങൾ വായിക്കാൻ:

https://pubmed.ncbi.nlm.nih.gov/10882878/

ഹൃദയം മാറ്റിവച്ചാൽ ചിന്തകൾ എല്ലാം മാറും എന്നല്ല ഇതിനർഥം. ഹൃദയം മാറ്റിവച്ച ആളുകൾക്ക് ഇത്തരത്തിൽ അതുവരെയില്ലാത്ത പലതരം ചിന്തകളും മാറ്റങ്ങളും ജീവിതത്തിലുണ്ടായ ധാരാളം റിപ്പോർട്ടുകളുണ്ട് എന്ന കാര്യം സൂചിപ്പിച്ചത് മാത്രമാണ്. അത്തരത്തിൽ ഹൃദയം മാറ്റിവെക്കപ്പെട്ട ഒരാൾ തന്റെ അനുഭവം വിവരിക്കുന്ന വീഡിയോ ലിങ്ക് താഴെ കൊടുക്കുന്നു. ഓപ്പറേഷന് ശേഷം മുമ്പ് നോൺവെജിറ്റേറിയൻ ആയിരുന്ന ഇയാൾ വെജിറ്റേറിയൻ ആയി മാറിയതും അതുവരെ സിഗാർ ഉപയോഗിച്ചിട്ടില്ലാത്ത ഇയാൾ സിഗാർ ഇഷ്ടപ്പെടാൻ തുടങ്ങിയതും, ലെമൺ ഇഷ്ടപ്പെടാൻ തുടങ്ങിയതുമൊക്കെ വിചിത്രമായ അനുഭവമായി അയാൾതന്നെ പറയുന്നു. ഇൻറർവ്യൂ ചെയ്യുന്ന ന്യൂറോ സർജൻ ഇത്തരം ധാരാളം കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് എന്ന കാര്യവും ഇവയെല്ലാം വെറും യാദൃച്ഛികമാണെന്ന് എഴുതിത്തള്ളാനാവില്ല എന്നും പുതിയ പഠനങ്ങൾ നടക്കുന്നുണ്ട് എന്നും പറയുന്നുണ്ട്. ഇവ കാണാൻ ഈ യൂ ട്യൂബ് വീഡിയോ കാണുക.

https://youtu.be/fn7qhAxPCKs

ചിന്തകൾ എന്നത് ഓരോ അവസരത്തിലും നമ്മുടെ അറിവുകൾക്കും പല സ്വാധീനങ്ങൾക്കും അനുസരിച്ച് പുതുതായി ഉണ്ടാകുന്ന ഒന്നാണ്. അതുകൊണ്ടാണ് നമ്മുടെ ചിന്താഗതികൾ ഓരോ സമയവും മാറി മാറി വരുന്നത്. ഒരു പത്തു വർഷം മുമ്പ് നമുക്ക് ഉണ്ടായിരുന്ന ചിന്താഗതി ആയിരിക്കില്ല ഇപ്പോൾ നമുക്കുള്ളത്. ഇന്നത്തെ ചിന്തയായിരിക്കില്ല നാളെ ഉണ്ടാവുക. അത്തരത്തിൽ സമയാസമയങ്ങളിൽ ഉണ്ടാകുന്ന ചിന്തകളിൽ നമ്മുടെ ഹൃദയം വലിയ ഒരു പങ്കു വഹിക്കുന്നു എന്നാണ് ക്വുർആൻ സൂചിപ്പിക്കുന്നത്.

ശസ്ത്രക്രിയയ്ക്ക് മുമ്പ് ഒരാൾ സ്വന്തം ഹൃദയം കൊണ്ടാണ് ചിന്തിച്ചിരുന്നത് എങ്കിൽ ഹൃദയമാറ്റ ശസ്ത്രക്രിയക്ക് ശേഷം പുതുതായി ശരീരത്തിൽ പിടിപ്പിച്ച മറ്റൊരാളുടെ ഹൃദയംകൊണ്ട് ചിന്തിക്കുന്നതിൽ തടസ്സം ഒന്നുമില്ലല്ലോ! ചിന്ത എന്ന പ്രക്രിയ നടക്കുന്നത് ഹൃദയത്തിലാണ് എന്നുമാത്രമാണ് ക്വുർആൻ സൂചിപ്പിക്കുന്നത്. അതിനർഥം ഒരാളുടെ ഹൃദയം മാറ്റിവച്ചാൽ ചിന്തകൾ എല്ലാം അയാളുടെ കൂടെ പോരും എന്നൊന്നുമല്ല. ഹൃദയം മാറ്റിവെച്ചാലും ചിന്ത എന്ന പ്രകിയ നടക്കുന്നത് ഹൃദയത്തിൽ തന്നെയായിരിക്കും. പഴയ ഹൃദയം രക്തം പമ്പ് ചെയ്യുക, ചിന്തകളെ സ്വാധീനിക്കുക എന്നീ പ്രക്രിയകൾ മുമ്പ് ചെയ്തിരുന്ന പോലെ പുതിയ ഹൃദയവും ഈ പണികൾ ഏറ്റെടുക്കും എന്ന് മാത്രമേയുള്ളൂ. ചിന്തിക്കുക എന്ന പ്രോസസ് നടത്തുന്നതിൽ ഹൃദയത്തിന് വലിയ റോൾ ഉണ്ട് എന്നു മാത്രമാണ് ക്വുർആൻ വെളിപ്പെടുത്തുന്നത്. ■

ചിന്തകൾ മാറിമറിഞ്ഞു കൊണ്ടിരിക്കുന്നതാണ്. ഹൃദയത്തിന്റെ ഇത്തരം മാറിമറിയുന്ന ചിന്തകൾ കൊണ്ടാണ് വിശ്വാസി അവിശ്വാസിയാകുന്നതും അവിശ്വാസി വിശ്വാസിയാകുന്നതുമെല്ലാം. അതുകൊണ്ടാണ് മുഹമ്മദ് നബി(സ്വ) വിശ്വാസികളോട് ഇപ്രകാരം പ്രാർഥിക്കാൻ കൽപിച്ചതും:

يَا مُقَلِّبَ الْقُلُوبِ ثَبِّتْ قَلْبِي عَلَى دِينِكَ

“ഹൃദയങ്ങളെ മാറ്റിമറിക്കുന്ന അല്ലാഹുവേ, നീ എന്റെ ഹൃദയത്തെ നിന്റെ സത്യമതത്തിൽ സ്ഥിരപ്പെടുത്തി നിർത്തണേ.”

ചുരുക്കിപ്പറഞ്ഞാൽ, നമ്മുടെ ചിന്തകളുടെ കേന്ദ്രം അഥവാ centre of cognition തലച്ചോറാണ് എന്നത് ഒരു വിശ്വാസം മാത്രമാണ്, അല്ലാതെ കൃത്യമായ തെളിവുകളുള്ള ശാസ്ത്രസത്യം ഒന്നുമല്ല. ചിന്തകളുമായി ബന്ധപ്പെട്ട ക്വുർആനിക പരാമർശങ്ങൾ സത്യമാണെന്ന് എന്നെങ്കിലും ശാസ്ത്രം കണ്ടെത്തിയേക്കാം. കണ്ടെത്തിയാലും ഇല്ലെങ്കിലും പടച്ചവന്റെ വചനങ്ങളിൽ മുസ്‌ലിംകൾ വിശ്വസിക്കുന്നു.

إِنَّمَا الْمُؤْمِنُونَ الَّذِينَ إِذَا ذُكِرَ اللَّهُ وَجِلَتْ قُلُوبُهُمْ وَإِذَا تُلِيَتْ عَلَيْهِمْ آيَاتُهُ زَادَتْهُمْ إِيمَانًا وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ

“അല്ലാഹുവെപ്പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും, അവന്റെ ദൃഷ്ടാന്തങ്ങൾ വായിച്ചുകേൾപിക്കപ്പെട്ടാൽ വിശ്വാസം വർധിക്കുകയും, തങ്ങളുടെ രക്ഷിതാവിന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുന്നവർ മാത്രമാണ് സത്യവിശ്വാസികൾ” (8:2) ■

അബൂറാഷിദ അൽകാസിമി
കുടയത്തൂർ




# മുഹമ്മദ് നബി(സ്വ); അതുല്യ വ്യക്തിത്വം

### ദൈവ സ്മരണ

സൃഷ്ടികളിൽ ഉന്നതനും മഹാനുമായ നബി(സ്വ) ഏറ്റവും പൂർണമായി അല്ലാഹുവിന് ദിക്ർ ചെയ്യുന്നതിൽ നിർവഹിക്കുന്ന ആളായിരുന്നു. അതിനുവേണ്ടി വിശ്വാസികളെ പ്രേരിപ്പിക്കുമായിരുന്നു. അവിടുന്ന് എല്ലാ സന്ദർഭങ്ങളിലും-നിന്നും ഇരുന്നും നടന്നും യാത്രയിലും-അല്ലാഹുവിനെ സ്മരിക്കുമായിരുന്നു.

### നമസ്‌കാരം, വ്രതം, വിവാഹം

അനസ് ഇബ്‌നു മാലിക്(റ) പറയുന്നു: “നബി(സ്വ)യുടെ ഭാര്യമാരുടെ വീടുകളിലേക്ക് മൂവർ സംഘം വന്നു. നബി(സ്വ)യുടെ ആരാധനാമുറകളെ കുറിച്ച് ചോദിച്ചറിയലാണ് ലക്ഷ്യം. അവരോട് നബിയുടെ കർമങ്ങളുടെ പതിവുരീതിയെ കുറിച്ച് വിവരിച്ചപ്പോൾ അവർക്ക് അത് വളരെ കുറവായി തോന്നി. അവർ പറഞ്ഞു: ‘നബി(സ്വ)യെ അപേക്ഷിച്ചു നമ്മൾ എവിടെയാണ്? (ഒരു മഹത്ത്വമുള്ളവരുമല്ല). നബി(സ്വ)ക്ക് മുൻകഴിഞ്ഞതും വരാനിരിക്കുന്നതുമായ പാപങ്ങൾ അല്ലാഹു പൊറുത്ത് കൊടുത്തിട്ടുണ്ട്.”

അപ്പോൾ അവരിൽ ഒരാൾ പറഞ്ഞു: ‘ഇനി ഞാൻ എല്ലാ രാത്രിയിലും നമസ്‌കരിച്ചുകൊണ്ടേയിരിക്കും.’ മറ്റൊരാൾ



നബി(സ്വ)യെ പിൻപറ്റുക എന്നത് ജീവിതത്തിന്റെ സമസ്ത മേഖലകളിലും ആ ജീവിതത്തെ ഉൾകൊള്ളലാണ്. കാരണം, അവിടുത്തെ മാർഗം പരിപൂർണമാണ്. ഒരു മുസ്‌ലിമിന് അത് പിൻപറ്റൽ നിർബന്ധമാണ്. ഭക്ഷണം കഴിക്കുന്നതിലാകട്ടെ, വെള്ളം കുടിക്കുന്നതിലാകട്ടെ, മറ്റേതു കാര്യത്തിലുമാകട്ടെ അവിടുന്ന് പരിചയപ്പെടുത്തിയതിൽ ഒന്നും തള്ളിക്കളയാനില്ല. പരലോക രക്ഷയ്ക്കാവശ്യമായ ഒന്നും അവിടുന്ന് പഠിപ്പിച്ചു തരാൻ വിട്ടുപോയിട്ടുമില്ല.

പറഞ്ഞു: 'ഞാൻ എക്കാലവും നോമ്പനുഷ്ഠിക്കും, വിട്ടുകളയില്ല.' മറ്റൊരാൾ പറഞ്ഞു: 'ഞാൻ ഭാര്യമാരിൽനിന്ന് വിരക്തി ഉദ്ദേശിക്കുന്നു. ഒരിക്കലും ഞാൻ വിവാഹം കഴിക്കുകയില്ല.'

തൽസമയം നബി(സ്വ) അവരുടെയടുക്കലേക്ക് വന്നിട്ട് ചോദിച്ചു: 'നിങ്ങളല്ലേ ഇപ്രകാരമെല്ലാം പറഞ്ഞത്? മനസ്സിലാക്കൂ, അല്ലാഹുവിൽ സത്യം! നിശ്ചയമായും ഞാൻ നിങ്ങളുടെ കൂട്ടത്തിൽ അല്ലാഹുവിടെ നന്നായി ഭയപ്പെടുന്നയാളാണ്. അവനെ വളരെ സൂക്ഷിക്കുന്നയാളുമാണ്. എന്നാൽ ഞാൻ നോമ്പനുഷ്ഠിക്കാറുണ്ട്; (സുന്നത്തായ) നോമ്പ് അനുഷ്ഠിക്കാതിരിക്കാറുമുണ്ട്. ഞാൻ രാത്രി നമസ്കരിക്കാറുണ്ട്, എന്നാൽ ഞാൻ ഉറങ്ങാറുമുണ്ട്. ഞാൻ സ്ത്രീകളെ വിവാഹം കഴിക്കുന്നു. എന്റെ ചര്യയോട് ആര് വിമുഖത കാണിക്കുന്നുവോ അവൻ എന്നിൽ പെട്ടവനല്ല" (ബുഖാരി).

ഇബ്നു ഹജർ(റഹി) പറയുന്നു: ഈ ഹദീസിന്റെ താൽപര്യം ആര് എന്റെ മാർഗം ഉപേക്ഷിച്ച് എന്റെതല്ലാത്ത മാർഗം സ്വീകരിക്കുന്നുവോ അവൻ എന്നിൽപെട്ടവനല്ല എന്നാണ്.'

ഇതാണ് നബിയുടെ വക്രതയില്ലാത്ത, നയപരമായ, മധ്യമമായ മാർഗം. ഒട്ടും അതിരുകവിച്ചിൽ ഇല്ല.

### ഹജ്ജ്

നബി(സ്വ) ചെയ്തതു പോലെ നിർവഹിക്കേണ്ട, ഇസ്‌ലാമിന്റെ ഏറ്റവും പ്രധാന കർമമാണ് ഹജ്ജ്. നബി(സ്വ) പറഞ്ഞു: "നിങ്ങൾ നിങ്ങളുടെ ഹജ്ജിന്റെ കർമങ്ങൾ നിർവഹിക്കേണ്ടതായ സ്ഥലങ്ങൾ ശരിക്കും മനസ്സിലാക്കുക. കാരണം, നിശ്ചയം എന്റെ ഈ ഹജ്ജിന് ശേഷം ഹജ്ജ് നിർവഹിക്കാൻ കഴിയുമോ എന്ന് എനിക്ക് അറിയില്ല" (മുസ്‌ലിം)

നബി(സ്വ)യെ പിൻപറ്റുക എന്നത് ജീവിതത്തിന്റെ സമസ്ത മേഖലകളിലും ആ ജീവിതത്തെ ഉൾകൊള്ളലാണ്. കാരണം, അവിടുത്തെ മാർഗം പരിപൂർണമാണ്. ഒരു മുസ്‌ലിമിന് അത് പിൻപറ്റൽ നിർബന്ധമാണ്. ഭക്ഷണം കഴിക്കുന്നതിലാകട്ടെ, വെള്ളം കുടിക്കുന്നതിലാകട്ടെ, മറ്റേതു കാര്യത്തിലുമാകട്ടെ അവിടുന്ന് പരിചയപ്പെടുത്തിയതിൽ ഒന്നും തള്ളിക്കളയാനില്ല. പരലോക രക്ഷയ്ക്കാവശ്യമായ ഒന്നും അവിടുന്ന് പഠിപ്പിച്ചുതരാൻ വിട്ടുപോയിട്ടുമില്ല.

*(തുടരും)*

സർഗ വസന്തം 2024-25

# മഞ്ഞു പെയ്യുന്ന ഡിസംബറിൽ ഗ്രീൻവാലി ക്യാമ്പസിൽ വിരിഞ്ഞ പ്രതിഭപ്പൂക്കൾ

മുക്കം: മഞ്ഞു പെയ്യുന്ന ഡിസംബറിൽ കോടമഞ്ഞിൽ പുതഞ്ഞു കിടക്കുന്ന ഗ്രീൻവാലിയെ പുളകം കൊള്ളിച്ച് സംസ്ഥാന സർഗവസന്തം പ്രൗഢമായി സമാപിച്ചു. പതിനെട്ട് വേദികൾ, എൺപത്തിയഞ്ച് മത്സരയിനങ്ങൾ, ആയിരത്തി എഴുന്നൂറിലധികം കലാപ്രതിഭകൾ, തലയെടുപ്പുള്ള വിധികർത്താക്കൾ, ഉത്തരവാദിത്തബോധമുള്ള ഒഫീഷ്യൽസ്, കർമനിരതരായ വളണ്ടിയേഴ്സ്, എണ്ണയിട്ട യന്ത്രം കണക്കെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച സ്വാഗതസംഘം. അങ്ങനെ എല്ലാംകൊണ്ടും ധന്യമായിരുന്നു ദ്വിദിന കലാ സുദിനങ്ങൾ.

## ഉദ്ഘാടന സമ്മേളനം

കലാരവത്തിന് തുടക്കം കുറിക്കാനെത്തിയത് വിസ്ഡം സംസ്ഥാന അധ്യക്ഷൻ പി.എൻ അബ്ദുല്ലത്വീഫ് മദനിയായിരുന്നു. തന്റെ വിദ്യാർഥികാല കലയോർമകൾ അദ്ദേഹം അയവിറക്കി. പുതുകാല ധാർമിക പ്രതിരോധം തീർക്കാൻ പ്രാപ്തരാവുക എന്ന സന്ദേശം ഹ്രസ്വവും മനോഹരവുമായ സംസാരത്തിലൂടെ അദ്ദേഹം പകർന്നു നൽകി.

കലയുടെ കാലം മരിക്കാത്ത ഓർമകൾ സമ്മാനിക്കുമെന്നും പ്രതിഭാധനത്വം തുടരണമെന്നും മുഖ്യാതിഥിയായി പങ്കെടുത്ത ഗ്രീൻവാലി സ്കൂൾ പ്രിൻസിപ്പൽ അബ്ദുൽ ഹമീദ് മാസ്റ്റർ പറഞ്ഞു. കുവൈത്ത് കേരള ഇസ്‌ലാഹി സെന്റർ വൈസ് പ്രസിഡന്റ് സി.പി അസീസ്, ജില്ലാ പ്രതിനിധികളായ അബ്ദുൽ ഖാദർ പറവണ്ണ, ടി.പി അസീസ് സംസാരിച്ചു.

ആദ്യദിനത്തെ സമ്പന്നമാക്കിയത് സ്റ്റേജിതര മത്സരങ്ങളും ഏതാനും സ്റ്റേജ് മത്സരങ്ങളുമായിരുന്നു. വരിതെറ്റാത്ത വരയുടെ പുതുനാമ്പുകൾ പിറക്കുന്ന നിമിഷങ്ങളും കാലം തേടുന്ന കഥകൾ പിറക്കാ നുതകുന്ന ഭാവനകൾക്കായി ഇളം മനസ്സുകൾ പാറിപ്പറക്കുന്ന ലോകവും, ഇന്നിന്റെ സമരയിടങ്ങളിൽ ഉയരേണ്ട മുദ്രാവാക്യം കണക്കെ വരിയൊപ്പിച്ച് ആശയപ്രപഞ്ചം തീർത്ത കവിതകളും സ്റ്റേജിതര മത്സര വേദികളെ ധന്യമാക്കി. സാഹിത്യ മികവ് പുലർത്തുന്ന കവിതകളും കഥകളും ഭാവിയിലെ എഴുത്തുകാരായി മാറുവാൻ കഴിവുള്ള കുട്ടികളുണ്ടെന്ന ഓർമപ്പെടുത്തലായി. അധ്യാപകരുടെയും രക്ഷിതാക്കളുടെയും നിരന്തരമായ പ്രോൽസാഹനവും മാർഗദർശനവും അവർക്ക് ആവശ്യമാണ്. ഹൃദയവസന്തം തീർത്ത ക്വുർആൻ പാരായണ സുഗന്ധവും ചിതലരിക്കാത്ത ഓർമകളിൽനിന്നും ഉയർന്നു പൊങ്ങിയ ക്വുർആൻ സൂക്തങ്ങളും അറബി ഭാഷയുടെ അനന്യസാധാരണ പ്രയോഗങ്ങളാൽ മനോഹരമായ സംഭാഷണവും ആദ്യദിനത്തെ സ്റ്റേജ് മത്സരങ്ങളെ മധുരിതമാക്കി.

## സർഗസന്ധ്യ

സർഗവസന്തം ആദ്യദിനത്തിലെ സായംസന്ധ്യയെ അടയാളപ്പെടുത്തിയത് കാണികളുടെ മനസ്സുകളിൽ കുളിര് കോരിയിട്ട സർഗസന്ധ്യയായിരുന്നു. 'അനുഭവം, ആസ്വാദനം, ആവിഷ്കാരം' എന്ന പ്രമേയത്തിൽ സംഘടിപ്പിക്കപ്പെട്ട സർഗസന്ധ്യ അനുവാചകർക്ക് നവ്യാനുഭൂതി പകർന്നു.

വിദ്യാഭ്യാസ ബോർഡിന് കീഴിലുള്ള തെരഞ്ഞെടുക്കപ്പെട്ട മദ്റസകളിലെ പ്രതിഭകൾ അവതരിപ്പിച്ച ഗാനാലാപനങ്ങൾ, മാപ്പിള ശീലുകൾ, കഥകൾ തുടങ്ങിയവ സർഗസന്ധ്യക്ക് നിറം പകർന്നു

ജാമിഅ അൽഹിന്ദിന് കീഴിലെ സ്കൂൾ ഓഫ് ക്വുർആനിലെ പ്രതിഭകൾ അവതരിപ്പിച്ച ക്വുർആൻ കേന്ദ്രീകൃത പരിപാടികൾ ആസ്വാദനത്തിന്റെയും ആശ്ചര്യത്തിന്റെയും അനുഭവങ്ങളാണ് സദസ്സ്യർക്ക് സമ്മാനിച്ചത്

മുക്കം ഗ്രീൻവാലി സ്കൂളിലെ കലാകാരൻമാർ അവതരിപ്പിച്ച പാട്ടും പറച്ചിലും കാണികൾക്ക് നവ്യാനുഭവമായി മാറി. മനസ്സിന്റെ ആഴങ്ങളിലേക്ക് ഇറങ്ങുന്ന ഗാനാലാപനങ്ങളാൽ സർഗസന്ധ്യയെ മഹോഹര മാക്കാൻ കൂടെയുണ്ടായിരുന്ന 'ടീം ഈണ'വും അഭിനന്ദനങ്ങൾ അർഹിക്കുന്നു. ജൗഹർ ഒഴുകൂർ നേതൃത്വം നൽകി.

രണ്ടാം ദിവസം കലാപ്രതിഭകളുടെ വാശിയേറിയ മത്സരങ്ങൾ പാട്ടുകളായും പദ്യം ചൊല്ലലായും ഗ്രീൻവാലിയെ പുളകം കൊള്ളിച്ചു. മധുരമനോഹരമായ ഇസ്‌ലാമിക ഗാനങ്ങളും അക്ഷരങ്ങൾകൊണ്ടും ആശയംകൊണ്ടും അമ്മാനമാടുന്ന ഇശൽ തേനാറൊഴുകുന്ന തനിമയാർന്ന മാപ്പിളപ്പാട്ടുകളും കൊണ്ട് കുട്ടികൾ കലാമികവ് തെളിയിച്ചു. അറബി, മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ നടന്ന പ്രസംഗ മത്സരങ്ങളിൽ കുട്ടികൾ പ്രായത്തിൽ കവിഞ്ഞ മികവു പുലർത്തി.

## സാംസ്കാരിക സദസ്സ്

'കല, സംസ്കാരം, സമൂഹം' എന്ന വിഷയത്തിൽ നടന്ന സാംസ്കാരിക സദസ്സ് ഇ.ടി മുഹമ്മദ് ബഷീർ എം.പി. ഉദ്ഘാടനം ചെയ്തു. കലയും സാഹിത്യവും മനുഷ്യന്റെ നന്മക്ക് വേണ്ടി ഉപയോഗപ്പെടുത്തണമെന്ന് ഉദ്ബോധിപ്പിച്ച അദ്ദേഹം ആധുനിക സാങ്കേതിക വിദ്യകൾ പ്രബോധന രംഗത്ത് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നത് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷനാണെന്ന് പ്രത്യേകം ഊന്നിപ്പറഞ്ഞു. മനുഷ്യനെ ജീവിക്കാനും സാമൂഹികമായ ഉത്തരവാദിത്തങ്ങൾ നിർവഹിക്കാനും പ്രേരിപ്പിക്കുന്ന വലിയ ഘടകമാണ് കലയും സാഹിത്യവുമെന്നത് നാം വിസ്മരിക്കരുതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വിസ്ഡം സംസ്ഥാന വൈസ് പ്രസി. കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ ആധ്യക്ഷ്യം വഹിച്ചു. കലാ സാഹിത്യ രംഗങ്ങളിലെ പൂർവകാല ഇസ്‌ലാഹീ നേതാക്കളുടെ സംഭാവനകൾ അദ്ദേഹം എടുത്തു പറഞ്ഞു. സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്റഫ് കലകളോടുള്ള ഇസ്‌ലാമിക കാഴ്ചപ്പാടും വർത്തമാനകാലത്തെ കലകളുടെയും കലാകാരന്മാരുടെയും അപചയവും വിശദീകരിച്ചു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി ചരിത്ര വിഭാഗം മേധാവി ഡോ.പി ശിവദാസൻ മുഖ്യാതിഥിയായി സംസാരിച്ചു.

വിസ്ഡം സംസ്ഥാന സെക്രട്ടറി നാസിർ ബാലുശ്ശേരി, വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന ജനറൽ സെക്രട്ടറി ശമീൽ മഞ്ചേരി, ഇർഫാൻ സ്വലാഹി എന്നിവർ സംസാരിച്ചു.

## സമാപന സമ്മേളനം

സമാപന സമ്മേളനം വിസ്ഡം സംസ്ഥാന ട്രഷറർ കെ.സജ്ജാദ് ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ ബോർഡ് മെമ്പർ ഡോ. ശിയാസ് സ്വലാഹി ആധ്യക്ഷ്യം വഹിച്ചു. വിസ്ഡം സംസ്ഥാന സെക്രട്ടറി നാസിർ ബാലുശ്ശേരി, വിസ്ഡം യൂത്ത് സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ നിഷാദ് സലഫി, അശ്റഫ് അബൂബക്കർ വെൽക്കം, റഷീദ് മാസ്റ്റർ കാരപ്പുറം, ഐ.പി മൂസ, പി.കെ അംജദ് മദനി, എ.പി മുനവ്വർ സ്വലാഹി എന്നിവർ സംസാരിച്ചു

## മലപ്പുറം ഈസ്റ്റ് ജില്ലക്ക് ഒന്നാം സ്ഥാനം

രണ്ട് ദിവസങ്ങളിലായി മുക്കം ഗ്രീൻവാലി ക്യാമ്പസിൽ വച്ചു നടന്ന വിസ്ഡം സംസ്ഥാനതല മദ്റസ സർഗവസന്തത്തിൽ 355 പോയിന്റ് നേടി മലപ്പുറം ഈസ്റ്റ് ജില്ല ജേതാക്കളായി. 347 പോയിന്റുമായി കണ്ണൂർ ജില്ല രണ്ടാം സ്ഥാനവും 341 പോയിന്റുമായി കാസർകോഡ് ജില്ല മൂന്നാം സ്ഥാനവും നേടി.

വിജയികൾക്കുള്ള ഓവറോൾ ട്രോഫികൾ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് ശരീഫ് എലാങ്കോട്, അശ്റഫ് അബൂബക്കർ വെൽക്കം, അനിൽ പ്രിം റോസ് എന്നിവർ വിതരണം ചെയ്തു.



പി.എൻ അബ്ദുല്ലത്വീഫ് മദനി

# വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ; വഴിയും വെളിച്ചവും

2024 നവംബർ 10 ന് കോഴിക്കോട് ജൂബിലി ഹാളിൽ വെച്ച് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ 'തൗഹീദ്, പ്രമാണം, പ്രസ്ഥാനം ' എന്ന പ്രമേയത്തിൽ നടത്തിയ ആദർശ സമ്മേളനത്തിൽ പി.എൻ അബ്ദുല്ലത്വീഫ് മദനി നടത്തിയ പ്രസംഗത്തിന്റെ ആശയസംഗ്രഹം.

ഒരു നൂറ്റാണ്ടു മുമ്പ് ഇസ്‌ലാമിൻെറ യഥാർഥ ആദർശത്തിലേക്ക് സമുദായത്തെ തിരിച്ചു വിളിച്ച മുജാഹിദ് പ്രസ്ഥാനത്തിൻെറ പിന്തുടർച്ചയാണ് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ. ഇങ്ങനെയൊരു പേരിൽ വേറിട്ടു പ്രവർത്തിക്കേണ്ടിവന്നത് തികച്ചും ന്യായമായ കാരണങ്ങളാലാണ്.

ഈ പ്രസ്ഥാനത്തിനെതിരെ വിമർശനങ്ങൾ ഉന്നയിക്കുന്നവർ മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്; ഞങ്ങൾ ജനങ്ങളോട് പറയുന്നത് മുഹമ്മദ് നബി(സ)യും അനുചരന്മാരും വിശ്വസിക്കുകയും ആചരിക്കുകയും പിൻതലമുറകൾക്ക് കൈമാറുകയും ചെയ്ത അതേ ആദർശമാണ്. അതിനു വിരുദ്ധമായ എന്തെങ്കിലും ഒരു കാര്യം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ വെച്ചുപുലർത്തുന്നതായി തെളിവുസഹിതം ചൂണ്ടിക്കാണിക്കാൻ വിമർശകർക്കു സാധ്യമല്ല. അതിനു ശ്രമിക്കുന്നവർ എന്തൊക്കെയോ ജൽപിക്കുന്നു എന്നല്ലാതെ അവരുടെ പക്കൽ തെളിവൊന്നുമില്ല. വിശുദ്ധ ക്വുർആനിൻെറയോ തിരുസുന്നത്തിൻെറയോ അടിസ്ഥാനത്തിൽ ഇന്നതാണ് നിങ്ങൾക്ക് സംഭവിച്ച തെറ്റ് എന്ന് ചൂണ്ടിക്കാണിക്കാൻ വിമർശകർക്ക് സാധിക്കാറില്ല.

മർകസുദ്ദഅ്വ വിഭാഗം നേരത്തെ മുജാഹിദുകൾക്കെതിരിൽ ഉയർത്തിവിട്ട ശിർക്കാരോപണത്തിനെതിരെ പേജിലും സ്റ്റേജിലും നിരന്തരമായി മറുപടി പറഞ്ഞയാളുകൾ അതേ ആരോപണം യാതൊരു മാറ്റവുമില്ലാതെ അവരുടെ കൂടെ ഒന്നിച്ച് ആദർശവ്യതിയാനത്തിനെതിരെ പോരാടിയിരുന്ന ആളുകൾക്കെതിരിൽ ഉന്നയിക്കുകയാണ് ചെയ്തത്. ജനങ്ങളത് പെട്ടെന്ന് ഉൾക്കൊള്ളില്ല എന്നതിനാൽ അത് എങ്ങനെയൊക്കെ വിശ്വസിപ്പിക്കാം എന്നാണ് അവർ പരീക്ഷിച്ചുകൊണ്ടിരിക്കുന്നത്. അതിനായി, നിങ്ങൾ ഇങ്ങനെ പറയണം, അങ്ങനെ പറയണം എന്നൊക്കെ പറഞ്ഞ് നമുക്ക് ഇല്ലാത്ത വാദങ്ങൾ നമ്മുടെ മേൽ ആരോപിക്കാൻ പഠിപ്പിച്ചും ദുർവ്യാഖ്യാനങ്ങൾ നൽകാൻ പരിശീലനം നൽകിയുമൊക്കെ മുന്നോട്ടു പോകുകയാണ് അവർ.

തൗഹീദിന്റെ വഴിയിലാണ് നമ്മൾ മുന്നോട്ടു പോകുന്നത്. എന്റെ സമുദായത്തിലെ ഒരു വിഭാഗം എപ്പോഴും സത്യത്തിന്റെ മാർഗത്തിൽ നിലകൊള്ളുന്നവരായി ഉണ്ടാകുമെന്ന പ്രവാചക വചനം വ്യക്തമാക്കുന്നത് ആ മാർഗത്തിന് അല്ലാഹുവിന്റെ സംരക്ഷണം ഉണ്ടാകുമെന്നാണ്.

ഈ തൗഹീദീ ആദർശം വളരെ ശക്തമായി പ്രബോധനം ചെയ്ത കേരളത്തിലെ പൂർവിക പണ്ഡിതന്മാരായ എംസിസി അബ്ദുറഹ്മാൻ മൗലവി, കെഎം മൗലവി, എൻവി അബ്ദുസ്സലാം മൗലവി, ഉണ്ണീൻ മൗലവി, പി. സെയ്ദ് മൗലവി പോലെയുള്ള അനേകം പ്രമുഖരുണ്ട്. അവരുടെയൊക്കെ പ്രസംഗങ്ങൾ നേരിൽ കേട്ട ഒരുപാട് ആളുകൾ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. ആ മഹാന്മാരായ പണ്ഡിതന്മാർ അന്ന് സമൂഹത്തെ എന്തൊരു ആദർശമാണോ ഉപദേശിക്കുകയും പഠിപ്പിക്കുകയും ചെയ്തത് അതിൽനിന്ന് വ്യത്യസ്തമായ യാതൊന്നും വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ പണ്ഡിതന്മാർ ജനങ്ങളോട് പറയുന്നില്ല. അതേ ആദർശം തന്നെയാണ് അവരുടെ എഴുത്തുകളിലും പ്രസംഗങ്ങളിലും നിറഞ്ഞുനിൽക്കുന്നത്.

തികച്ചും അനാവശ്യമായ, ഖേദകരമായ ഒരു പിളർപ്പ് 2012ൽ മുജാഹിദ് പ്രസ്ഥാനത്തിനകത്ത് ചിലർ ബോധപൂർവം ഉണ്ടാക്കി. അതിനു പിന്നിൽ ചില സ്വാർഥ താൽപര്യക്കാരുടെ ദുർബുദ്ധിയാണ് പ്രവർത്തിച്ചിട്ടുള്ളത്. അടിസ്ഥാനരഹിതമായ ആരോപണങ്ങൾ അവർ ചില പണ്ഡിതന്മാരുടെ മേൽ ഉന്നയിക്കുകയായിരുന്നു. ചില ഗുണകാംക്ഷികളായ ആളുകൾ പറയാറുണ്ട്; എല്ലാ പ്രസ്ഥാനങ്ങളും പിളർന്നാലും മുജാഹിദ് പ്രസ്ഥാനം ഇങ്ങനെ പിളർപ്പുകൾക്ക് വിധേയമാകുമെന്ന് ഒരിക്കലും വിചാരിച്ചിരുന്നില്ല എന്ന്. കാരണം അതിന് വളരെ തെളിമയാർന്ന ആദർശമുണ്ട്.

അല്ലാഹു മാത്രമാണ് ആരാധനക്ക് അർഹൻ, അവനോടല്ലാതെ മറ്റാരോടും വിളിച്ച് പ്രാർഥിക്കുവാൻ പാടില്ല. അഭൗതികമായ മാർഗത്തിൽ നമുക്ക് രക്ഷാശിക്ഷകൾ നൽകാൻ അവനു മാത്രമെ സാധിക്കുകയുള്ളൂ. അവനോട് മാത്രം വിളിച്ചു പ്രാർഥിച്ചാലേ കാര്യമുള്ളൂ. ഇത് നാഴികക്ക് നാൽപതുവട്ടം ആവർത്തിച്ച് പറഞ്ഞാലും നിങ്ങൾ ജിന്നിനോട് പ്രാർഥിക്കുന്നവരാണ്, ജിന്നുകളെ വിളിച്ച് തേടുന്നവരാണ് എന്ന് നിരന്തരം ചിലർ ആരോപിച്ചുകൊണ്ടിരിക്കുകയാണ്.

ഈ ആരോപണം അടിസ്ഥാനരഹിതമാണ്, കളവാണ്. അത് ദുരുദ്ദേശപരമാണ്. നമ്മുടെ കൂട്ടത്തിലുള്ള ഒരാളും അല്ലാഹുവല്ലാത്ത ആരെയും വിളിച്ച് പ്രാർഥിക്കുന്നില്ല. സാധാരണക്കാരുടെയിടയിൽ തെറ്റുധാരണയുണ്ടാക്കാനായി ചിലർ കളവുകൾ ആവർത്തിച്ചുകൊണ്ടേയിരുന്നതിനാൽ നമ്മൾ അതിനു മറുപടി പറയാൻ നിർബന്ധിതരായി. എന്തിനാണ് നിങ്ങൾ പണ്ഡിതന്മാർ ഒരു റൂമിലിരുന്ന് ചർച്ച ചെയ്തു പരിഹരിക്കേണ്ട വിഷയങ്ങൾ സമൂഹമധ്യത്തിലേക്ക് ഇട്ടുകൊടുത്ത് പ്രബോധനരംഗം വഷളാക്കുന്നത് എന്ന് ചോദിക്കുന്നവർ ഇത് മനസ്സിലാക്കേണ്ടതുണ്ട്.

പണ്ടും ചില വിഷയങ്ങളിൽ പണ്ഡിതന്മാർക്കിടയിൽ വീക്ഷണവ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ട്. ആ ഭിന്നതകൾ അവർക്കിടയിലുള്ള ഐക്യത്തിന്റെയോ ബന്ധത്തിന്റെയോ നൂലിഴകൾക്ക് യാതൊരു ദൗർബല്യവും സംഭവിക്കാതെ അവർ പരിഹരിക്കാൻ ശ്രമിച്ചിട്ടുമുണ്ട്. ചില വിഷയങ്ങളിൽ ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യയുടെ അഭിപ്രായം തന്നെയാണ് ശൈഖ് മുഹമ്മദ് ഇബ്നു അബ്ദുൽ വഹ്ഹാബിനുള്ളത് എന്ന് പറയാൻ പറ്റില്ല. ചില കാര്യങ്ങളിൽ അവർക്കിടയിൽ ചില അഭിപ്രായ ഭിന്നതകൾ ഉണ്ടാവും. സലഫി മൻഹജിൽ നിലകൊണ്ട ആ മഹാന്മാരൊക്കെ കാത്തുസൂക്ഷിച്ച പരസ്പര ബഹുമാനത്തിന്റെയും ഐക്യത്തിന്റെയും

സൗഹാർദത്തിന്റെയും അന്തരീക്ഷം തകർത്തുകൊണ്ടാണ് ഇന്ന് ചില സൂത്രശാലികളുടെ മുന്നോട്ടു പോക്ക്. അതിനു പിന്നിൽ സംഘടനാപരമായ താൽപര്യം മാത്രമാണുള്ളത്.

മർകസുദ്ദഅ്‌വ വിഭാഗം നേരത്തെ മുജാഹിദുകൾക്കെതിരിൽ ഉയർത്തിവിട്ട ശിർക്കാരോപണത്തിനെതിരെ പേജിലും സ്റ്റേജിലും നിരന്തരമായി മറുപടി പറഞ്ഞയാളുകൾ അതേ ആരോപണം യാതൊരു മാറ്റവുമില്ലാതെ അവരുടെ കൂടെ ഒന്നിച്ച് ആദർശവ്യതിയാനത്തിനെതിരെ പോരാടിയിരുന്ന ആളുകൾക്കെതിരിൽ ഉന്നയിക്കുകയാണ് ചെയ്തത്. ജനങ്ങളത് പെട്ടെന്ന് ഉൾക്കൊള്ളില്ല എന്നതിനാൽ അത് എങ്ങനെയൊക്കെ വിശ്വസിപ്പിക്കാം എന്നാണ് അവർ പരീക്ഷിച്ചുകൊണ്ടിരിക്കുന്നത്. അതിനായി, നിങ്ങൾ ഇങ്ങനെ പറയണം, അങ്ങനെ പറയണം എന്നൊക്കെ പറഞ്ഞ് നമുക്ക് ഇല്ലാത്ത വാദങ്ങൾ നമ്മുടെ മേൽ ആരോപിക്കാൻ പഠിപ്പിച്ചും ദുർവ്യാഖ്യാനങ്ങൾ നൽകാൻ പരിശീലനം നൽകിയുമൊക്കെ മുന്നോട്ടു പോകുകയാണ് അവർ.

അതൊടൊപ്പം, അല്ലാഹുവിന്റെ മതം മനുഷ്യരെ പഠിപ്പിക്കുന്ന ചില യാഥാർഥ്യങ്ങളെ തമസ്‌കരിക്കാനും ശ്രമിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങൾ ഇതെല്ലാം തിരിച്ചറിയാതെ പോകുന്നുണ്ട് എന്നതിനാൽ നമ്മുടെ പണ്ഡിതന്മാർ രംഗത്തിറങ്ങി. ക്വുർആനും സുന്നത്തുമാകുന്ന പ്രമാണങ്ങൾ ഉപയോഗിച്ച് ജനങ്ങൾക്ക് കാര്യങ്ങൾ വിശദീകരിച്ചുകൊടുത്തു. തെറ്റായ വ്യാഖ്യാനങ്ങൾ തുറന്നുകാട്ടി. ഓരോ വിഷയത്തിലുമുള്ള നമ്മുടെ നിലപാട് പ്രാമാണികമാണെന്ന് നാം ജനങ്ങളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു.

അല്ലാഹു പറയുന്നു:

وَكَانَ حَقًّا عَلَيْنَا نَصْرُ ٱلْمُؤْمِنِينَ

'...സത്യവിശ്വാസികളെ സഹായിക്കുക എന്നത് നമ്മുടെ ബാധ്യതയായിരിക്കുന്നു.'

അത് അവൻ നിർവഹിച്ചുകൊണ്ടിരിക്കുന്നു. 'ഒരു പണ്ഡിതനും അയാളോടൊപ്പം ഇറങ്ങിപ്പോയ നാലാളുകളും, ഇന്ന് മുളച്ചുപൊന്തിയ തവര പോലെ കൂടുതൽ വൈകാതെ ഇവരങ്ങ് അവസാനിച്ചു കൊള്ളും' എന്നായിരുന്നു 'പിരിച്ചുവിട്ട'വരുടെ വിശ്വാസം. എന്നാൽ സത്യത്തിന്റെ പക്ഷത്ത് ഉറച്ചുനിൽക്കുന്ന കൂട്ടായ്മയെ സർവശക്തൻ തളർത്തിയില്ല, വളർത്തുകയാണുണ്ടായത്.

പരലോക വിജയം മാത്രം ലക്ഷ്യമാക്കി ജീവിക്കുന്ന അനേകമാളുകളുടെ ത്യാഗനിർഭരമായ പ്രവർത്തന ഫലമാണ് അല്ലാഹു നൽകുന്ന സഹായം. അതു കണ്ട് വെപ്രാളപ്പെട്ടിട്ടും തകർക്കാൻ കുതന്ത്രങ്ങൾ മെനഞ്ഞിട്ടും കാര്യമില്ല. ദുർവാശി വിട്ട് സത്യത്തിലേക്കു മടങ്ങുവാൻ തയ്യാറാവുക. അനാവശ്യമായ ശത്രുതയും പകയും ഒഴിവാക്കുക. നമുക്ക് ഒരുമിച്ചു നീങ്ങുവാൻ ഒരുപാട് മേഖലകളുണ്ട്.

അല്ലാഹു പറയുന്നു:

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ أَطِيعُوا۟ ٱللَّهَ وَأَطِيعُوا۟ ٱلرَّسُولَ وَأُو۟لِى ٱلْأَمْرِ مِنكُمْ فَإِن تَنَٰزَعْتُمْ فِى شَىْءٍ فَرُدُّوهُ إِلَى ٱللَّهِ وَٱلرَّسُولِ إِن كُنتُمْ تُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ ذَٰلِكَ خَيْرٌ وَأَحْسَنُ تَأْوِيلًا

'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽനിന്നുള്ള കൈകാര്യ കർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും' (ക്വുർആൻ 4:59).

ഇവിടെ ഭിന്നിപ്പുണ്ടാവുകയാണെങ്കിൽ കൈകാര്യകർത്താക്കളിലേക്ക് മടങ്ങണം എന്ന് പറഞ്ഞിട്ടില്ല; അല്ലാഹുവിലേക്കും അവന്റെ പ്രവാചകനിലേക്കും മടങ്ങുവാനാണ് പറയുന്നത്. അഥവാ ക്വുർആനിലേക്കും ഹദീസിലേക്കും മടങ്ങുക. പടച്ചവന്റെ സംരക്ഷണയുള്ള മതത്തെ പൊളിക്കാൻ ആർക്കും സാധ്യമല്ല. അത് ലോകാവസാനം വരെ നിലനിൽക്കും. കുടിലിലും കൊട്ടാരത്തിലും ഇസ്‌ലാം വ്യാപിക്കാതെ ലോകം അവസാനിക്കുകയില്ല എന്നത് മുഹമ്മദ് നബി(സ) അറിയിച്ചിട്ടുള്ള യാഥാർഥ്യമാണ്.

സമൂഹത്തിൽ സത്യമത പ്രബോധനം നമ്മൾ നടത്തിക്കൊണ്ടേയിരിക്കും. സമൂഹത്തിലെ വിവിധ തലങ്ങളിലുള്ളവർക്കിടയിൽ അനുവദനീയമായ എല്ലാ മാർഗങ്ങളു മുപയാഗിച്ച് ആത്മധൈര്യത്തോടുകൂടി, അല്ലാഹുവിൽ ഭരമേൽപിച്ചുകൊണ്ട് പ്രബോധന പ്രവർത്തനങ്ങളുമായി നാം മുന്നേറുകയാണ്. പഠിക്കുക, മനസ്സിലാക്കുക.

*തയ്യാറാക്കിയത്:*
*ഉസ്മാൻ പാലക്കാഴി*



വിവ. അബ്ദുൽ ജബ്ബാർ മദീനി

04

# തഅ്സിയത്തിന്റെ വിധിയും രീതിയും

ആപത്ത് പറ്റിയവനെ സമാശ്വസിപ്പിക്കലും അതു സഹിക്കുവാൻ അവനു ശക്തിപകരലുമാണ് തഅ്സിയത്ത്. മരണപ്പെട്ടയാളുടെ ബന്ധുക്കൾക്കേറ്റ വിഷമത്തിന് ലഘൂകരണമേകുന്ന, ക്ഷമിക്കുവാനും തൃപ്തിപ്പെടുവാനും അവരെ പ്രേരിപ്പിക്കുന്ന, തിരുനബി(സ്വ)യിൽനിന്നു സ്ഥിരപ്പെട്ടു വന്ന വചനങ്ങൾകൊണ്ട് അവരെ അനുശോചനമറിയിക്കൽ നിയമമാണ്. തിരുമൊഴികൾ മനഃപാഠമുണ്ടെങ്കിലാണ് അങ്ങനെ ചെയ്യേണ്ടത്. അല്ലെങ്കിൽ ഉദ്ദേശ്യം നിറവേറ്റുന്നതും മതത്തിന് എതിരല്ലാത്തതുമായ സൗകര്യപ്രദമായ നല്ല വചനങ്ങൾകൊണ്ടെല്ലാം തഅ്സിയത്താകാവുന്നതാണ്.

ഉസാമ ഇബ്നു സെയ്ദി(റ)ൽനിന്നു നിവേദനം: “തന്റെ കുട്ടി മരണാസന്നനാണെന്നു തിരുനബിയെ അറിയിച്ചുകൊണ്ടും തിരുമേനിയെ ക്ഷണിച്ചുകൊണ്ടും പുത്രിമാരിലൊരാൾ തിരുമേനിയുടെ അടുത്തേക്ക് ഒരു ദൂതനെ പറഞ്ഞയച്ചു. തിരുമേനി(സ്വ) ദൂതനോടു പറഞ്ഞു: ‘താങ്കൾ അവരിലേക്കു മടങ്ങിച്ചെല്ലുകയും ഇപ്രകാരം പറയുകയും ചെയ്യുക: ‘അല്ലാഹു നൽകിയത് അവന്റേതു മാത്രമാണ്. തിരിച്ചെടുത്തതും അവന്റേതു

മാത്രമാണ്. എല്ലാ കാര്യങ്ങൾക്കും അവന്റെയടുക്കൽ ഒരു നിശ്ചിത അവധിയുണ്ട്. അതിനാൽ അവൾ ക്ഷമിക്കുകയും പ്രതിഫലം കാംക്ഷിക്കുകയും ചെയ്യട്ടെ.”

തഅ്സിയത്തിന്റെ വിഷയത്തിൽ വന്ന ഏറ്റവും നല്ല പദങ്ങളാണിത്. അനുശോചനമറിയിക്കുന്ന വേളയിൽ ജനങ്ങൾക്കിടയിൽ പ്രചരിച്ച ചില കാര്യങ്ങൾ ഒഴിവാക്കൽ അനിവാര്യമാണ്. അവയ്ക്ക് മതത്തിൽ യാതൊരു അടിസ്ഥാനവുമില്ലതന്നെ. അവയിൽ ചിലതു താഴെ:

1. കസേരകൾ നിരത്തിയും ലൈറ്റ് സജ്ജീകരിച്ചും ഓത്തുകാരെ ഏർപ്പാടാക്കിയും ഒരു പ്രത്യേക സ്ഥലത്ത് തഅ്സിയത്തിന് ഒരുമിച്ചുകൂടൽ.

2. തഅ്സിയത്തിന്റെ നാളുകളിൽ അനുശോചനം അറിയിക്കുവാനെത്തുന്നവരെ സൽകരിക്കുവാൻ മയ്യിത്തിന്റെ ബന്ധുക്കൾ ഭക്ഷണമൊരുക്കുന്നത്.

ജരീർ അൽബജലി(റ)യിൽനിന്നു നിവേദനം: “മയ്യിത്ത് മറമാടപ്പെട്ടതിനുശേഷം മയ്യിത്തിന്റെ ബന്ധുക്കളുടെ അടുക്കൽ ഒത്തുകൂടലും ഭക്ഷണമുണ്ടാക്കലും ഞങ്ങൾ നിയാഅത്തിലായിരുന്നു എണ്ണിയിരുന്നത്.”

3.തഅ്സിയ്യത്ത് ആവർത്തിക്കൽ. ചിലർ മയ്യിത്തിന്റെ ബന്ധുക്കളിലേക്ക് ഒന്നിലധികം തവണ ചെല്ലുകയും അനുശോചനമറിയിക്കുകയും ചെയ്യും. തഅ്സിയത്ത് ഒരു തവണ മത്രമാവുകയെന്നതാണ് അടിസ്ഥാനം. എന്നാൽ തഅ്സിയത്ത് ആവർത്തിക്കുന്നതിലെ ഉദ്ദേശ്യം ബോധവൽകരണവും ക്ഷമിക്കുവാനും ക്വദാ-ക്വദ്റിൽ തൃപ്തിപ്പെടുവാനുമുള്ള അനുശാസനയുമാണെങ്കിൽ അതിൽ കുഴപ്പമില്ല. ഈ ഉദ്ദേശ്യമില്ലെങ്കിൽ തഅ്സിയത്ത് ആവർത്തിക്കരുത്. കാരണം, അപ്രകാരം തിരുനബി(സ്വ)യിൽ നിന്നും സ്വഹാബത്തിൽനിന്നും സ്ഥിരപ്പെട്ടിട്ടില്ല.

അടുത്ത ബന്ധുക്കളും അയൽവാസികളും മയ്യിത്തിന്റെ ബന്ധുക്കൾക്ക് ഭക്ഷണമുണ്ടാക്കി നൽകലാണ് സുന്നത്തായത്. തിരുമേനി (സ്വ) പറഞ്ഞു: “ജഅ്ഫറിന്റെ കുടുംബത്തിന് നിങ്ങൾ ഭക്ഷണമുണ്ടാക്കുക. നിശ്ചയം അവരെ വ്യാപൃതമാക്കുന്ന കാര്യം അവർക്ക് വന്നിരിക്കുന്നു.”

> മയ്യിത്തിന്റെ പേരിൽ ദുഃഖിക്കുന്നതുകൊണ്ടും കരയുന്നതുകൊണ്ടും കുഴപ്പമില്ല. മിക്കവാറും അതു സംഭവിക്കും. കൃത്രിമത്വമില്ലാത്ത ശുദ്ധപ്രകൃതി അതാണു പറയുന്നത്. തിരുനബി(സ്വ) പറഞ്ഞു: “മയ്യിത്തിന്റെ പേരിൽ ആർത്തട്ടഹസിച്ചവൾ മരിക്കുന്നതിന് മുമ്പായി തൗബ ചെയ്തില്ലെങ്കിൽ അന്ത്യനാളിൽ ഉരുക്കിയ ടാറിന്റെ ആവരണവും ശരീരം മുഴുവൻ ചൊറിയുന്ന ഒരു അങ്കിയുമായിട്ടായിരിക്കും അവൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുക.”

എന്നാൽ മയ്യിത്തിന്റെ പേരിൽ ദുഃഖിക്കുന്നതുകൊണ്ടും കരയുന്നതുകൊണ്ടും കുഴപ്പമില്ല. മിക്കവാറും അതു സംഭവിക്കും. കൃത്രിമത്വമില്ലാത്ത ശുദ്ധപ്രകൃതി അതാണു പറയുന്നത്. തന്റെ പുത്രൻ ഇബ്റാഹീം മരണപ്പെട്ടപ്പോൾ തിരുമേനി(സ്വ) കരഞ്ഞു. അവിടുന്ന് പറഞ്ഞു: “നിശ്ചയം, കണ്ണു കരയും. ക്വൽബ് ദുഃഖിക്കും. നമ്മുടെ റബ്ബിനെ പ്രീതിപ്പെടുത്തുന്നതല്ലാത്തത് നാം പറയില്ല.”

എന്നാൽ അത് കോപം, പൊറുതികേട്, ആവലാതിപ്പെടൽ എന്നിവ പ്രകടിപ്പിച്ചുകൊണ്ടാവരുത്. ആർത്തുവിലപിക്കലും അട്ടഹാസവും കവിളത്തടിക്കലും മാറിടം പിളർത്തലും ഹറാമാകുന്നു. തിരുനബി പറഞ്ഞു: “മയ്യിത്തിന്റെ പേരിൽ (വിലപിച്ചുകൊണ്ട്) മുഖത്തടിക്കുകയും കുപ്പായമാറ് കീറുകയും ജാഹിലിയ്യാകാലത്ത് വിളിച്ചു പറഞ്ഞിരുന്നപോലെ വിളിച്ചുപറയുകയും ചെയ്യുന്നവൻ നമ്മിൽ പെട്ടവനല്ല.” ‘എനിക്കു നാശമേ,’ ‘എന്റെ കഷ്ടമേ’ പോലുള്ള വാക്കുകൾ അതിന്നുദാഹരണമാകുന്നു.

തിരുനബി(സ്വ) പറഞ്ഞു: “മയ്യിത്തിന്റെ പേരിൽ ആർത്തട്ടഹസിച്ചവൾ മരിക്കുന്നതിന് മുമ്പായി തൗബ ചെയ്യില്ലെങ്കിൽ അന്ത്യനാളിൽ ഉരുക്കിയ ടാറിന്റെ ആവരണവും ശരീരം മുഴുവൻ ചൊറിയുന്ന ഒരു അങ്കിയുമായിട്ടായിരിക്കും അവൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുക.”

*(ഒരു സംഘം പണ്ഡിതന്മാർ രചിച്ച ‘അൽഫിക്വ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന’ എന്ന ഗ്രന്ഥത്തിൽനിന്നുമെടുത്തത്)*

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറതുൽ അഹ്സാബ്

## സംഘടിത കക്ഷികൾ

(മദീനയിൽ അവതരിച്ചത്)

അധ്യായം
33

وَإِذْ تَقُولُ لِلَّذِي أَنْعَمَ اللَّهُ عَلَيْهِ
وَأَنْعَمْتَ عَلَيْهِ أَمْسِكْ عَلَيْكَ زَوْجَكَ
وَاتَّقِ اللَّهَ وَتُخْفِي فِي نَفْسِكَ مَا اللَّهُ
مُبْدِيهِ وَتَخْشَى النَّاسَ وَاللَّهُ أَحَقُّ أَن
تَخْشَاهُ ۖ فَلَمَّا قَضَىٰ زَيْدٌ مِّنْهَا وَطَرًا
زَوَّجْنَاكَهَا لِكَيْ لَا يَكُونَ عَلَى الْمُؤْمِنِينَ
حَرَجٌ فِي أَزْوَاجِ أَدْعِيَائِهِمْ إِذَا قَضَوْا مِنْهُنَّ
وَطَرًا ۚ وَكَانَ أَمْرُ اللَّهِ مَفْعُولًا ﴿٣٧﴾

37. നിന്റെ ഭാര്യയെ നീ നിന്റെ അടുത്ത് തന്നെ നിർത്തിപ്പോരുകയും അല്ലാഹുവെ നീ സൂക്ഷിക്കുകയും ചെയ്യുക എന്ന്, അല്ലാഹു അനുഗ്രഹം ചെയ്തുകൊടുത്തിട്ടുള്ളവനും നീ അനുഗ്രഹം ചെയ്തുകൊടുത്തിട്ടുള്ളവനുമായ ഒരാളോട് നീ പറഞ്ഞിരുന്ന സന്ദർഭം (ഓർക്കുക). അല്ലാഹു വെളിപ്പെടുത്താൻ പോകുന്ന ഒരു കാര്യം നിന്റെ മനസ്സിൽ നീ മറച്ചുവെക്കുകയും ജനങ്ങളെ നീ പേടിക്കുകയും ചെയ്തിരുന്നു. എന്നാൽ നീ പേടിക്കുവാൻ ഏറ്റവും അർഹതയുള്ളവൻ അല്ലാഹുവാകുന്നു. അങ്ങനെ സൈദ് അവളിൽ നിന്ന് ആവശ്യം നിറവേറ്റികഴിഞ്ഞപ്പോൾ അവളെ നാം നിനക്ക് ഭാര്യയാക്കിത്തന്നു. തങ്ങളുടെ ദത്തുപുത്രൻമാർ അവരുടെ ഭാര്യമാരിൽനിന്ന് ആവശ്യം നിറവേറ്റിക്കഴിഞ്ഞിട്ട് അവരെ വിവാഹം കഴിക്കുന്ന കാര്യത്തിൽ സത്യവിശ്വാസികൾക്ക് യാതൊരു വിഷമവും ഉണ്ടാകാതിരിക്കാൻ വേണ്ടിയത്രെ അത്. അല്ലാഹുവിന്റെ കൽപന പ്രാവർത്തികമാക്കപ്പെടുന്നതാകുന്നു.

مَّا كَانَ عَلَى النَّبِيِّ مِنْ حَرَجٍ فِيمَا فَرَضَ
اللَّهُ لَهُ ۖ سُنَّةَ اللَّهِ فِي الَّذِينَ خَلَوْا مِن
قَبْلُ ۚ وَكَانَ أَمْرُ اللَّهِ قَدَرًا مَّقْدُورًا ﴿٣٨﴾

38. തനിക്ക് അല്ലാഹു നിശ്ചയിച്ചു തന്ന കാര്യത്തിൽ പ്രവാചകന് യാതൊരു വിഷമവും തോന്നേണ്ടതില്ല. മുമ്പ് കഴിഞ്ഞുപോയിട്ടുള്ളവരിൽ അല്ലാഹു നടപ്പാക്കിയിരുന്ന നടപടിക്രമം തന്നെ. അല്ലാഹുവിന്റെ കൽപന ഖണ്ഡിതമായ ഒരു വിധിയാകുന്നു.

الَّذِينَ يُبَلِّغُونَ رِسَالَاتِ اللَّهِ وَيَخْشَوْنَهُ
وَلَا يَخْشَوْنَ أَحَدًا إِلَّا اللَّهَ ۗ وَكَفَىٰ بِاللَّهِ
حَسِيبًا ﴿٣٩﴾

39. അതായത് അല്ലാഹുവിന്റെ സന്ദേശങ്ങൾ എത്തിച്ചുകൊടുക്കുകയും അവനെ പേടിക്കുകയും അല്ലാഹുവല്ലാത്ത ഒരാളെയും പേടിക്കാതിരിക്കുകയും ചെയ്തിരുന്നവരുടെ കാര്യത്തിലുള്ള (അല്ലാഹുവിന്റെ നടപടി). കണക്ക് നോക്കുന്നവനായി അല്ലാഹുതന്നെ മതി.

37) അല്ലാഹു ഈ വചനം അവതരിപ്പിച്ചത് വിശ്വാസികൾക്ക് ഒരു പൊതുനിയമം നിർദേശിക്കാനാണ്. യഥാർഥ പുത്രൻമാരുടെ നിയമവും ദത്തുപുത്രൻമാരുടെ നിയമവും ഒന്നല്ല. അതിനാൽ ദത്തുപുത്രന്മാരുടെ ഭാര്യമാരെ വിവാഹം കഴിക്കുന്നതിന് വിരോധമില്ല. ഇത് സാധാരണയായി നടക്കുന്നതാണ്. എന്തെങ്കിലും പ്രത്യേക സംഭവങ്ങളില്ലാതെ ആ നിയമം ഇല്ലാതുകുന്നില്ല.

ഈ നിയമം പ്രവാചകന്റെ വാക്കിലൂടെയും പ്രവൃത്തിയിലൂടെയും തന്നെ നടപ്പിലാക്കാൻ അല്ലാഹു ഉദ്ദേശിച്ചു. അല്ലാഹു ഒരു കാര്യം ഉദ്ദേശിക്കുമ്പോൾ അതിനുള്ള കാരണവും അവൻ നിശ്ചയിക്കുന്നു. ഇത് സൈദ്ബ്ൻ മുഹമ്മദ് എന്നു വിളിക്കപ്പെട്ട സൈദുബ്നു ഹാരിസയെക്കുറിച്ചാണ്. നബി (സ്വ) അദ്ദേഹത്തെ ദത്തെടുത്തപ്പോൾ തന്നിലേക്ക് ചേർത്തു വിളിച്ചു. അപ്പോൾ ഈ വചനമിറങ്ങി: (അവരുടെ യഥാർഥ പിതാക്കൻമാരിലേക്ക് ചേർത്ത് വിളിക്കുക). പിന്നീട് വിളിച്ചത് സൈദ്ബ്നു ഹാരിസ എന്നായിരുന്നു. അദ്ദേഹത്തിന്റെ കീഴിലായിരുന്നു സൈനബ് ബിൻത് ജഹ്ഷ്. നബി(സ്വ)യുടെ പിതൃസഹോദരിയുടെ പുത്രി. സൈദ്(റ) അവരെ വിവാഹമോചനം ചെയ്താൽ അവരെ വിവാഹം കഴിക്കാമെന്ന് നബിയുടെ മനസ്സിൽ വന്നിരുന്നു. അവർക്കിടയിൽ ചില പ്രശ്നങ്ങളുണ്ടായി. അപ്പോൾ സൈദ്(റ) വിവാഹ മോചനം ചെയ്യാൻ സമ്മതം ചോദിച്ചു. നബി (സ്വ)യുടെ അടുക്കൽ ചെന്നു. അല്ലാഹു പറയുന്നു: (അല്ലാഹു അനുഗ്രഹം ചെയ്ത് കൊടുത്തിട്ടുള്ളവനും നീ അനുഗ്രഹം ചെയ്തു കൊടുത്തിട്ടുള്ളവനുമായ ഒരാളോട് നീ പറഞ്ഞ സന്ദർഭം) മുസ്‌ലിമാകുക എന്ന അനുഗ്രഹം. (നീ അനുഗ്രഹം നൽകിയവനുമായ) വിവാഹമോചനം ചെയ്യുന്നതിനെക്കുറിച്ച് താങ്കളോട് കൂടിയാലോചിക്കാൻ വന്നപ്പോൾ അദ്ദേഹത്തെ ഉപദേശിക്കുകയും മാർഗനിർദേശങ്ങൾ നൽകുകയും ചെയ്തു. (നിന്റെ ഭാര്യയെ നീ നിന്റെ അടുത്തുതന്നെ നിർത്തിപ്പോരുക) അവളെ നീ വിവാഹമോചനം ചെയ്യേണ്ടതില്ല. നിങ്ങളോടുള്ള അവളുടെ മനോഭാവത്തിൽ ക്ഷമയോടെയിരിക്കുക. അല്ലാഹുവിനെ ഭയപ്പെടുന്നത് ക്ഷമയോടെയായിരിക്കാൻ പ്രോത്സാഹിപ്പിക്കുകയും കൽപിക്കുകയും ചെയ്യുന്നു.

(അല്ലാഹു വെളിപ്പെടുത്താൻ ഉദ്ദേശിക്കുന്ന കാര്യം നിന്റെ മനസ്സിൽ നീ മറച്ച് വെക്കുകയും ചെയ്യുന്നു) സൈദ് അവരെ വിവാഹമോചനം ചെയ്താൽ നബി(സ്വ) അവരെ വിവാഹം കഴിക്കും എന്ന വസ്തുതയാണ് അദ്ദേഹം മറച്ചുവെച്ചത്. (ജനങ്ങളെ നീ പേടിക്കുകയും ചെയ്തിരുന്നു) അതുകൊണ്ടാണ് നിങ്ങളുടെ ഹൃദയത്തിലുള്ളത് നിങ്ങൾ വെളിപ്പെടുത്താത്തത്. (എന്നാൽ പേടിക്കാൻ ഏറ്റവും അർഹതയുള്ളത് അല്ലാഹുവാകുന്നു) അല്ലാഹുവിനെ ഭയപ്പെടുന്നത് മുഴുവൻ നന്മക്കുമുള്ള കാരണമാണ്. എല്ലാ ദുരന്തങ്ങളെയും അത് തടുക്കുന്നു.

(സൈദ് അവളിൽ നിന്ന് ആവശ്യം നിറവേറ്റിക്കഴിഞ്ഞപ്പോൾ) അദ്ദേഹത്തിന്റെ മനസ്സ് അവളിൽനിന്ന് മുക്തമാവുകയും താൽപര്യം നഷ്ടപ്പെടുകയും വേർപിരിയുകയും ചെയ്തപ്പോൾ. (അവളെ നാം നിനക്ക് ഭാര്യയാക്കിത്തന്നു) നാം അത് ചെയ്തതിന്റെ പിന്നിൽ വലിയ ലക്ഷ്യങ്ങളുണ്ടായിരുന്നു. അത് (അവരെ വിവാഹം കഴിക്കുന്ന കാര്യത്തിൽ സത്യവിശ്വാസികൾക്ക് യാതൊരു വിഷമവും ഉണ്ടാകാതിരിക്കാൻ വേണ്ടിയത്രെ അത്) മുമ്പ് താങ്കളിലേക്ക് ചേർത്തു പറഞ്ഞിരുന്ന സൈദ്ബ്നു ഹാരിസയുടെ ഭാര്യയെ താങ്കൾ വിവാഹം കഴിക്കുന്നത് അവർ കണ്ടാൽ വിശ്വാസികൾക്ക് ഈ വിഷയത്തിൽ ഭാവിയിൽ പ്രയാസമുണ്ടായില്ല. ഈ വചനം പൊതുവായ ആശയമുള്ളതാണ്. അദ്ദേഹം ഒഴിവാക്കുന്നതിന് മുമ്പ് വിവാഹം കഴിക്കൽ അനുവദനീയമല്ല. അതുകൊണ്ടാണ് അത് നിബന്ധനയായി പറഞ്ഞത്: (അവരുടെ ഭാര്യമാരിൽനിന്ന് ആവശ്യം നിറവേറ്റി കഴിഞ്ഞശേഷം). (അല്ലാഹുവിന്റെ കൽപന പ്രാവർത്തികമാക്കപ്പെടുന്നതാകുന്നു) അത് നടപ്പിലാകും. അതിനൊരു പ്രയാസവും തടസ്സവും ഇല്ല. ഈ സംഭവം ധാരാളം ഗുണപാഠങ്ങൾ നൽകുന്നുണ്ട്.

1) അല്ലാഹു സൈദ്ബ്നു ഹാരിസ(റ)യെ രണ്ട് കാര്യങ്ങളിൽ പുകഴ്ത്തി. ഒന്ന്: അല്ലാഹു ക്വുർആനിൽ അദ്ദേഹത്തെ പേരെടുത്തു പറഞ്ഞു. മറ്റൊരു സ്വഹാബിയെയും പരാമർശിച്ചിട്ടില്ല. രണ്ട്: അല്ലാഹു അദ്ദേഹത്തിന് അനുഗ്രഹം നൽകി എന്ന് പറയുന്നു. അത് ഇസ്‌ലാമും ഈമാനുമാണ്. ഇതിൽനിന്ന് അദ്ദേഹം മുസ്‌ലിമും മുഅ്മിനുമാണെന്ന് അല്ലാഹുവിൽ നിന്നുള്ള സാക്ഷിത്വം. ബാഹ്യമായും ആന്തരികമായും അദ്ദേഹം ഒരു വിശ്വാസിയായിരുന്നു

എന്നതിന്റെ സാക്ഷ്യം. അനുഗ്രഹം എന്ന് പ്രത്യേകം പറയുമ്പോൾ ഇതുതന്നെയാണ് ഉദ്ദേശ്യം.

2) മോചിപ്പിക്കപ്പെട്ടവൻ തന്നെ മോചിപ്പിച്ചവനോട് കടപ്പെട്ടിരിക്കുന്നു.

3) ദത്തുപുത്രന്റെ ഭാര്യയെ വിവാഹം കഴിക്കൽ അനുവദനീയമാണ്.

4) വാക്കാലുള്ള അധ്യാപനത്തെക്കാൾ കൂടുതൽ ഫലപ്രദമാണ് പ്രായോഗികമായ പഠിപ്പിക്കൽ; പ്രത്യേകിച്ച് വാക്കുകൾ കൂടിയുണ്ടെങ്കിൽ അത് വെളിച്ചത്തിനു മേൽ വെളിച്ചമാണ്.

5) റസൂൽ(സ്വ) തനിക്ക് കിട്ടിയ സന്ദേശങ്ങളെല്ലാം കൃത്യമായി എത്തിച്ചു. ഒന്നും ഒഴിവാക്കിയില്ല. അദ്ദേഹത്തിന് ശാസന ഉണ്ടായ വിഷയം പോലും അറിയിച്ചു. ഇതിൽ നിന്ന് മനസ്സിലാകുന്നത് അദ്ദേഹം അല്ലാഹുവിന്റെ ദൂതൻ തന്നെയാണെന്നാണ്. തനിക്ക് വെളുപ്പെടുത്തിയതല്ലാതെ ഒന്നും പറഞ്ഞിട്ടില്ലെന്നും തന്നെ മഹത്ത്വവത്കരിക്കാൻ ഉദ്ദേശ്യമില്ലെന്നും വ്യക്തമാക്കുന്നു.

6) ഉപദേശം ചോദിക്കപ്പെടുന്നയാൾ വിശ്വസ്തമായ ഒരു സ്ഥാനത്താണ്. അതിനാൽ ഏതെങ്കിലും കാര്യത്തിൽ തന്നോട് ഉപദേശം തേടിയാൽ തേടിയവൻ ഏറ്റവും ഗുണകരമായതാണ് നിർദേശിക്കേണ്ടത്. തന്റെ താൽപര്യങ്ങൾക്ക് വിരുദ്ധമാണെങ്കിൽ ഉപദേശം തേടുന്ന വ്യക്തിയുടെ താല്പര്യങ്ങൾക്ക് അവൻ മുൻഗണന നൽകണം; സ്വന്തം ഇഷ്ടങ്ങൾക്കും ആഗ്രഹങ്ങൾക്കും വിരുദ്ധമാണെങ്കിലും.

7) തന്റെ ഭാര്യയെ വിവാഹമോചനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഉപദേശം തേടുന്ന വ്യക്തിക്കുള്ള ഉപദേശത്തിൽ കഴിയുന്നിടത്തോളം അവളെ നിലനിർത്തണമെന്നാണ് ഉപദേശിക്കേണ്ടത്. കാരണം അതാണ് വേർപിരിയലിനെക്കാൾ നല്ലത്.

8) ആളുകളെ ഭയപ്പെടുന്നതിനെക്കാൾ അല്ലാഹുവിനെ ഭയപ്പെടുന്നതിന് മുൻഗണന നൽകേണ്ടത് അത്യാവശ്യമാണ്. കാരണം അതാണ് ഏറ്റവും ഉചിതവും നല്ലതും.

9) വിശ്വാസികളുടെ മാതാവായ സൈനബ്(റ)യുടെ മഹത്ത്വം മനസ്സിലാക്കുന്നു. കാരണം യാതൊരു വിവാഹന്വേഷണമോ സാക്ഷിയോ ഇല്ലാതെ അല്ലാഹു അവരുമായുള്ള തന്റെ പ്രവാചകന്റെ വിവാഹം നിശ്ചയിച്ചു. അതിനാൽ ഇക്കാര്യം അവർ മറ്റു ഭാര്യമാരോട് പറഞ്ഞ് അഭിമാനിക്കാറുണ്ടായിരുന്നു: 'നിങ്ങളെ നിങ്ങളുടെ വീട്ടുകാരാണ് വിവാഹം കഴിപ്പിച്ചത്, എന്നെ ഏഴാനാകാശത്തിന്റെ മുകളിൽ നിന്ന് അല്ലാഹുവും."

10) ഒരു സ്ത്രീക്ക് ഭർത്താവുണ്ടെങ്കിൽ അദ്ദേഹവുമായുള്ള വിവാഹമോചന നടപടികൾ പൂർത്തിയാകുന്നതു വരെ അവളെ വിവാഹം കഴിക്കാനോ ആസൂത്രണം ചെയ്യാനോ പാടില്ല. ഇദ്ദ അവസാനിക്കുന്നതുവരെ വിവാഹമോചന നടപടികൾ പൂർത്തിയാകില്ല. കാരണം ഇദ്ദ അവസാനിക്കുന്നതുവരെ അവൾ വിവാഹിത തന്നെയാണ്.

38) പ്രവാചകൻ(സ്വ) അധികം വിവാഹം കഴിച്ചതിൽ ആക്ഷേപം ഉന്നയിക്കുന്നവർക്കുള്ള മറുപടിയാണിത്. ആക്ഷേപാർഹമല്ലാത്ത ഒരു കാര്യത്തിലാണ് ഇവിടെ ആക്ഷേപം. (പ്രവാചകന് ഒരു വിഷമവും തോന്നേണ്ടതില്ല) തെറ്റാണെന്നോ കുറവാണെന്നോ തോന്നേണ്ടതില്ല. (തനിക്ക് അല്ലാഹു നിശ്ചയിച്ചു തന്ന കാര്യത്തിൽ) അല്ലാഹു നിശ്ചയിച്ചു കൊടുത്ത ഭാര്യമാരുടെ എണ്ണത്തിൽ, അത് അല്ലാഹു അനുവദിച്ചതാണ്; അദ്ദേഹത്തിന് മുമ്പുള്ള പ്രവാചകൻമാരിൽ അനുവദിച്ചു പോലെ.

അതാണ് അല്ലാഹു പറഞ്ഞത്: (മുമ്പ് കഴിഞ്ഞുപോയിട്ടുള്ളവരിൽ അല്ലാഹു നടപ്പാക്കിയിരുന്ന നടപടിക്രമം തന്നെ) അത് സംഭവിക്കുക തന്നെ ചെയ്യും.

39) (അതായത് അല്ലാഹുവിന്റെ സന്ദേശങ്ങൾ എത്തിച്ച് കൊടുക്കുകയും) അവർ ദാസന്മാർക്ക് അല്ലാഹുവിന്റെ വചനങ്ങൾ ഓതിക്കേൾപിക്കുന്നു. അവന്റെ തെളിവുകളും പ്രമാണങ്ങളും മുഖേന അവരെ അല്ലാഹുവിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നു. (അല്ലാഹുവിനെ മാത്രമായി ഭയപ്പെടുകയും) യാതൊരു പങ്കുകാരനെയും കൂടാതെ, അല്ലാഹുവിനെല്ലാതെ ആരെയും ഭയപ്പെടാതിരിക്കുകയും ചെയ്യുന്നു.

ഇതാണ് പാപസുരക്ഷിതരായ പ്രവാചകന്മാരുടെ ചര്യ. അവരുടെ ദൗത്യം അവർ ഭംഗിയായി നിർവഹിച്ചു. അത് സർവരെയും അല്ലാഹുവിലേക്ക് ക്ഷണിക്കലാണ്. എല്ലാ പ്രവർത്തനങ്ങളിലും അവനെ മാത്രമെ ഭയപ്പെടേണ്ടതുള്ളൂ. (കണക്ക് നോക്കുന്നവനായി അല്ലാഹു തന്നെ മതി) തന്റെ ദാസന്റെ കണക്ക് നോക്കാൻ, അവന്റെ പ്രവർത്തനങ്ങളെ നിരീക്ഷിക്കാൻ. വിവാഹം എന്നത് പ്രവാചകന്മാരുടെ ചര്യയാണെന്നുകൂടി ഗ്രഹിക്കാം. ■

ശരീഫ് കാര
: 94954 05696

ആംഗ്യ ഗാനം

# വിസ്മയലോകം

പൂവ് നിറഞ്ഞൊരു
പൂന്തോപ്പിൽ
പാറി നടക്കും ശലഭങ്ങൾ
ആഴക്കടലിൽ നീന്തി നടക്കും
പല വർണത്തിൽ മത്സ്യങ്ങൾ
പലവർണത്തിൽ മത്സ്യങ്ങൾ
(പൂവ് നിറഞ്ഞൊരു )

നോക്കൂ, അവിടെ ആകാശത്ത്
ജ്വലിച്ചു നിൽക്കുന്നൊരു സൂര്യൻ,
പകലുമറഞ്ഞ് രാവ് വരുമ്പോൾ
തിളങ്ങി നിൽക്കുന്നൊരു ചന്ദ്രൻ
തിളങ്ങി നിൽക്കുന്നൊരു ചന്ദ്രൻ
(പൂവ് നിറഞ്ഞൊരു )

ഇഴഞ്ഞു നീങ്ങും ഉരഗങ്ങൾ,
പറന്നു പോകും പറവകളും
കാലുകളൂന്നി നടന്ന് നീങ്ങും
മൃഗങ്ങളും പല ജീവികളും
മൃഗങ്ങളും പല ജീവികളും
പൂവ് നിറഞ്ഞൊരു )

കൂട്ടുകാരേ, ചോദിച്ചീടാം
നമ്മോടായിട്ടൊരു ചോദ്യം
ആരു പടച്ചു ആരു പടച്ചു
അത്ഭുതമാമീ കാര്യങ്ങൾ
അത്ഭുതമാമീ കാര്യങ്ങൾ
(പൂവ് നിറഞ്ഞൊരു)

ചിന്തിക്കുന്ന മനസ്സുകളെല്ലാം
ഒന്നായ് പറയും അല്ലാഹു
സി എം എന്നു പറഞ്ഞവരെത്ര
വിഡ്ഢികളാണേ ചിന്തിക്കൂ
വിഡ്ഢികളാണേ ചിന്തിക്കൂ!
(പൂവ് നിറഞ്ഞൊരു )





Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi



WISDOM students

# ധർമ്മ സമരത്തിന്റെ വിദ്യാർത്ഥി കാലം

# കേരള സ്റ്റുഡന്റ്സ് കോൺഫറൻസ്

**11** 2025 മെയ്

**പെരിന്തൽമണ്ണ**

Wisdom Islamic Students Organisation
Kerala State Committee
CV Complex, PV Swami Road, Calicut

+91 81568 12292
wisdomstudents

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
04 January 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

جـــامعة الـــهند الإســـلامية
JAMIA AL-HIND AL-ISLAMIYYA

## ജാമിഅ: അൽഹിന്ദ്

# വാർഷിക സമ്മേളനം

2025 ജനുവരി **12** **13** പാണക്കാട്, മലപ്പുറം

